

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2018 ജൂലൈ – സെപ്റ്റംബർ
ലക്കം: 10




## സമഗ്ര വികസനം വിദ്യാഭ്യാസത്തിലൂടെ...

# ജന്മദിനാശംസകൾ



അഭിവന്ദ്യ ജോസഫ് മാർ
ബർന്നബാസ് എപ്പിസ്കോപ്പാ

സെപ്റ്റംബർ 8





അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ
പൗലൊസ് എപ്പിസ്കോപ്പാ

ആഗസ്റ്റ് 16




ഭദ്രാസന വൈദീക കുടുംബസംഗമം





ഭദ്രാസന സേവികാസംഘ വാർഷികം



അലൈൻ മാർത്തോമ്മാ ഇടവകയുടെ സഹായത്തോടെ
പണികഴിപ്പിക്കുന്ന തറയിൽകടവ് മാർത്തോമ്മാ
സെന്ററിന്റെ ശിലാസ്ഥാപനം



തറയിൽകടവ് മാർത്തോമ്മാ
പ്ലേസ്കൂളിന്റെ
ഉദ്ഘാടനം



തറയിൽകടവ് ഏബ്രഹാം മാർത്തോമ്മാ
സെന്ററിന്റെ ഉദ്ഘാടനം

ഹെർമ്മോൻ
# ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക




# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

എഡിറ്റോറിയൽ

8 **ജ്ഞാനത്തിന്റെ പടവുകളിലൂടെ...**
– റവ. സുനിൽ എ. ജോൺ

10 **വിദ്യാഭ്യാസം സമഗ്ര വികസനത്തിന്**
– റവ. ജോൺ പി. ജോയി

13 **ട്രാൻസ്ജെൻഡേഴ്സ് മനുഷ്യരോ?**
– റവ. ഫിലിപ്പ് ജോർജ്ജ്

19 **സൺഡേസ്കൂൾ പഠനം ശാക്തീകരണം**
– തോമസ് ജോർജ്ജ്

20 **വിദ്യാഭ്യാസം ജീവിതം തന്നെ**
– ബിൻസി എ.

21 **ഓർമ്മകൾ ഒളിവിതറുന്നു**
– റവ. എബി റ്റി. മാമ്മൻ

23 **എങ്ങനെ ആത്മവിശ്വാസം വർദ്ധിപ്പിക്കാം**
– റവ. സാം ലൂക്കോസ്

25 **ക്രിസ്തീയ വിദ്യാഭ്യാസവും....**
– നിഷ സൂസൻ മാത്യു

27 **അമ്മ എന്ന നന്മ**
– ജിഷ ജോൺ

പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ പ്രിയരെ,

'സമഗ്ര വികസനം വിദ്യാഭ്യാസത്തിലൂടെ' എന്ന വിഷയം അധികരിച്ചാണല്ലോ ജൂലൈ-സെപ്റ്റംബർ ലക്കം ഹെർമ്മോൻ ദൂതൻ പ്രസിദ്ധീകരിക്കുന്നത്. വിദ്യാഭ്യാസം വിദ്യ അർത്ഥിക്കുന്നവന്റെ തപസ്സാണ്. പ്രാപിക്കുന്തോറും ഏറുന്നതും പങ്കിടുന്തോറും വളരുന്നതുമായ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും ക്രിയാത്മകമായ വളർച്ചയിലേക്ക് നയിക്കുന്നതാണ്. അറിവ് നേടുന്നത് മാത്രമല്ല, മൂല്യബോധവും സാമൂഹ്യ കാഴ്ചപ്പാടുകളും, ദൈവീക ബോധ്യവും നൽകുന്നതാകണം വിദ്യാഭ്യാസം. ഇന്ന് വളർന്നുവരുന്ന സ്വാർത്ഥതയും, മത്സര മനോഭാവവും ഒരു പരിധിവരെ വികലമായ വിദ്യാഭ്യാസരീതികളുടെ പരിണിതഫലമാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ആവശ്യമാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, പ്രവർത്തകർക്കും അതിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മദ്ധ്യവേനൽ അവധി കഴിഞ്ഞ് സ്കൂളുകളും കോളജുകളും പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ എല്ലാ വിദ്യാർത്ഥി -വിദ്യാർത്ഥിനികളേയും അനുമോദിക്കുന്നതിൽ സന്തോഷമുണ്ട്. എല്ലാ വിഷയങ്ങൾക്കും A+/A1 ഗ്രേഡ് നേടിയ നമ്മുടെ ഭദ്രാസനത്തിലെ വിദ്യാർത്ഥികളെ 2018 ജൂലൈ 14-ാം തീയതി കൂടുന്ന ഭദ്രാസന അസംബ്ലിയിൽ വെച്ച് അനുമോദിക്കുന്നതാണ്. നമ്മുടെ ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ കുട്ടികൾക്കുവേണ്ടി വിദ്യാലയ വർഷാരംഭധ്യാനവും, പഠനോപകരണവിതരണവും ഈ വർഷവും നടത്തുന്നതിന് സാധിച്ചു. അതിനായി സഹായിച്ച പ്രിയപ്പെട്ടവരോടുള്ള നന്ദി അറിയിക്കുന്നു. ഉന്നത വിദ്യാഭ്യാസം കാംക്ഷിക്കുന്ന കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗദർശനവും പ്രോത്സാഹനവും നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച പദ്ധതിയാണല്ലോ 'വിജയവഴി'. ഇപ്പോൾ അവധിക്കാലങ്ങളിൽ 4 ദിവസം വീതം നീണ്ടുനിൽക്കുന്ന ക്ലാസ്സുകളും പഠനയാത്രകളും ക്രമീകരിക്കുന്നു. ഏപ്രിൽ മാസം നടന്ന ക്യാമ്പിൽ 60 കുട്ടികൾ സംബന്ധിച്ചു. ഓണാവധിക്കാലത്ത് ക്രമീകരിക്കുന്ന പ്രോഗ്രാമിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന 9-ാം ക്ലാസിന് മുകളിൽ പഠിക്കുന്ന കുട്ടികൾ ഭദ്രാസന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

നമ്മുടെ സഭയിലെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗം ഏവരേയും ദുഃഖത്തിലാഴ്ത്തിയതാണ്. ചിന്തകളിലെ ഔന്നിത്യവും, നിലപാടുകളിലെ വ്യക്തതയും ഈടുറ്റ പ്രഭാഷണങ്ങളും, തിരുമേനിയുടെ പ്രത്യേകതകളായിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിനായും പൗരോഹിത്യ മേല്പട്ടത്ത ശുശ്രൂഷകൾക്കായും ദൈവത്തെ സ്തുതിക്കുന്നു. ഭദ്രാസനമായി നമ്മുടെ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

നമ്മുടെ ഭദ്രാസനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു ഹയർ സെക്കണ്ടറി സ്കൂൾ എന്ന താല്പര്യം വെച്ചുകൊണ്ടാണല്ലോ കലയപുരത്ത് "മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം റസിഡൻഷ്യൻ സ്കൂൾ" ആരംഭിച്ച് നടത്തിവരുന്നത്. ഈ വർഷം 5-ാം ക്ലാസ് വരെ 213 കുട്ടികൾ അഭ്യസനം നടത്തിവരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസുമുറികളും അനുബന്ധ കെട്ടിടങ്ങളും എത്രയും വേഗം നിർമ്മിക്കേണ്ടിയിരിക്കുന്നു. ആയതിലേക്ക് ഈ വർഷത്തെ ഭദ്രാസന ദിനാചരണത്തോട് അനുബന്ധിച്ച് ധനസമാഹരണം നടത്തുന്നതിന് ഭദ്രാസന കൗൺസിൽ നിശ്ചയിച്ചിരിക്കുന്നു. ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽനിന്നും ഉദാരമായ സംഭാവനകൾ നൽകുന്നതിന് ഏവരും പ്രാർത്ഥനാപൂർവ്വം ഒരുങ്ങണം. മൂത്താംപാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ആത്മീക പ്രവർത്തന കേന്ദ്രമായിരുന്ന കലയപുരം കുന്നിൽ പ്രവർത്തിക്കുന്ന സ്കൂളിന് ഒരു ആത്മീക പൈതൃകം അവകാശപ്പെടാവുന്നതാണല്ലോ.

ഭദ്രാസനത്തിലെ വിവിധ സംഘടനകളുടെ വാർഷിക പൊതുയോഗങ്ങൾ നടന്നുവരികയാണല്ലോ. ഓരോ സംഘടനയിലും ഏവരുടേയും സജീവ പങ്കാളിത്തം ഉറപ്പാക്കുവാൻ ശ്രദ്ധിക്കുമല്ലോ. അടൂർ ഭദ്രാസന അസംബ്ലി ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ സ്പിരിച്വാലിറ്റി സെന്ററിൽ വെച്ച് നടത്തുന്നതിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തുവരുന്നു. ഭദ്രാസന അസംബ്ലി അംഗങ്ങളേവരും പ്രാർത്ഥനാപൂർവ്വം ആദ്യാവസാനം വന്ന് സംബന്ധിക്കണം.

ഭദ്രാസന സുവിശേഷ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണം "സുവിശേഷ നിധി"യിലൂടെയാണല്ലോ ലഭ്യമാകുന്നത്. ഭദ്രാസനത്തിൽപ്പെട്ട ഓരോ ഭവനത്തിലും ഭദ്രാസനനിധി ശേഖരണത്തിനായി നൽകിയിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുന്ന തുകകൾ ആണ്ടിൽ, ജൂലൈ, ജനുവരി മാസങ്ങളിലായി 2 പ്രാവശ്യമായിട്ടാണ് സമാഹരിക്കുന്നത്. ഈ വർഷത്തെ ആദ്യസമാഹരണം ജൂലൈ മാസത്തിൽ ക്രമീകരിച്ചിരിക്കുന്നു. ആയതിലേക്ക് ഓരോ കുടുംബവും തങ്ങളുടെ വിഹിതം ഇടവകയിലൂടെ നൽകുന്നതിന് ഉത്സാഹിക്കേണമേ. തമിഴ്നാട്ടിലെ സത്യവാടി, ആന്ധ്രാപ്രദേശിലെ ഗഡ്ഗേശ്വർ, കായംകുളം തറയിൽകടവ്, പുതുപ്പള്ളി, പുന്നല, പൂതങ്കര തുടങ്ങിയ ഇടങ്ങളിലെ സുവിശേഷവേലകളെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുകയും സുവിശേഷനിധി ശേഖരണത്തിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണം. 12 സുവിശേഷകർ ഈ ഭദ്രാസനത്തിലെ സുവിശേഷവേലകൾക്ക് നേതൃത്വം നൽകുന്നു. അവരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

ഈ വർഷത്തെ ഭദ്രാസനദിനം ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ചയായി നിശ്ചയിച്ചിരിക്കുന്നു. അന്നേ ദിവസം പ്രത്യേകം തയ്യാറാക്കുന്ന ആരാധനാക്രമം ഉപയോഗിക്കണം. പട്ടക്കാരും, ആത്മായരും ഉൾപ്പെടെ ഇടവകകൾ സന്ദർശിച്ച് ഭദ്രാസന വികസനഫണ്ട് ശേഖരണത്തിന് നേതൃത്വം നൽകുന്നതാണ്. ഈ വർഷത്തെ സമാഹരണത്തിന്റെ മുഖ്യ ഊന്നൽ കലയപുരം സ്കൂൾ കെട്ടിടനിർമ്മാണമാണ്. ആയതിലേക്ക് പ്രത്യേക സംഭാവനകൾ ഉൾപ്പെടെ നല്ല ഒരു വിഹിതം ഓരോ ഭവനത്തിൽനിന്നും നൽകുന്നതിന് ശ്രദ്ധിക്കണമേ.

ഭദ്രാസന വികസന സംഘം 'ഓണത്തിന് ഒരു നേന്ത്രക്കുല' എന്ന കാർഷികപദ്ധതിയിലൂടെ 5 ഏത്തവാഴ വിത്തുകൾ ഓരോ ഭവനത്തിനും നൽകിയിരുന്നുവല്ലോ. അവയിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഒരു നേത്രക്കുല ഭദ്രാസന വികസന സംഘത്തിന് നൽകുവാൻ മറക്കരുത്.

നമ്മുടെ അനുഗ്രഹ ഡി-അഡിക്ഷൻ സെന്റർ ഓരോ മാസവും 10 ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പുകൾ ഫലപ്രദമായി നടത്തിവരുന്നു. നമ്മുടെ ഇടവകകളിലോ, ഇടവകയുടെ പരിധിയിലോ ഉൾപ്പെട്ട മദ്യപാനരോഗികളെ കണ്ടെത്തി സ്നേഹപൂർവ്വം ക്യാമ്പുകളിൽ സംബന്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇതിലേക്ക് താല്പര്യമുള്ളവർ സംഭാവനകൾ നൽകുന്നത് സ്വാഗതാർഹമാണ്.

നമ്മുടെ ഭദ്രാസനത്തിലെ വെസ്റ്റ് കല്ലട ഇമ്മനുവേൽ ഇടവകയിലെ ശ്രീ. അജിൻ പി. രാജുവിന്റെ ശെമ്മാശ, കശീശ്ശാപട്ടംകൊട ഈ മാസങ്ങളിൽ നടത്തപ്പെടുന്നു. പ്രത്യേക അഭിവന്ദനങ്ങൾ അറിയിക്കുന്നു. ഈ വർഷം സഭാശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന എല്ലാ നവവൈദീകർക്കും മംഗളങ്ങൾ നേരുന്നു.

തിരുസഭയിലൂടെ നമുക്ക് നൽകപ്പെട്ട ദൈവവചന വെളിപ്പെടുത്തലുകൾക്കായും, ആരാധനാ ജീവിതത്തിനായും ദൈവത്തിന് നന്ദി കരേറ്റാം. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം തിരിച്ചറിഞ്ഞ് ദൈവീകസ്നേഹവും സമാധാനവും ലോകത്തിന് പങ്കിടുന്നവരായിത്തീരുവാൻ നമ്മുടെ ആരാധനാ ജീവിത്തിലൂടെ സാധിക്കണം. യേശുകർത്താവ് തന്റെ ശിഷ്യരെ നിയോഗിച്ച് അയച്ചത് വെല്ലുവിളികളുള്ള ലോകത്തിലേക്കാണ്. വെല്ലുവിളികളിൽ തളരാതെ വ്യത്യസ്തരായി നിൽക്കുവാൻ കഴിഞ്ഞു എന്നതായിരുന്നു അവരുടെ സാക്ഷ്യം. ആധുനിക ലോകവും ഒട്ടും വിഭിന്നമല്ല. ഇവിടെ വ്യത്യസ്തരായി നിലനിന്ന് സാക്ഷ്യജീവിതം നയിക്കുവാനുള്ള ശക്തിക്കായി പ്രാർത്ഥിക്കാം. ദൈവം നമ്മെ ഏവരെയും അതിനായി ബലപ്പെടുത്തട്ടെ.

കർത്തൃശുശ്രൂഷയിൽ,

Marpaulos+

ഹെർമ്മോൻ അരമന, അടൂർ
2018 ജൂലൈ 1

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസന പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ട് പോകുന്നു. അതിൽ ഏവരുടെയും സഹായവും ആലോചനകളും ലഭിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

മെയ് മാസം 23-ാം തീയതി ഭദ്രാസനത്തിലെ പുതിയ ഇടവകകളിൽ പ്ലസ്ടു വരെ പഠിക്കുന്ന കുട്ടികൾക്കായി വർഷാരംഭ ധ്യാനവും പഠനോപകരണ വിതരണവും നടന്നു. റവ. തോമസ് കെ. തോമസ് ധ്യാന പ്രസംഗം നടത്തി. ഇതിലേക്ക് സാമ്പത്തിക സഹായം നൽകിയ ശ്രീ. ജോർജ്ജ്കുട്ടി ദുബായിയോടുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ ഭദ്രാസന അസംബ്ലി ജൂലൈ മാസം 14-ാം തീയതി നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. അസംബ്ലിയിലേക്ക് എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നു. അസംബ്ലി അംഗങ്ങൾ എല്ലാവരും വന്ന് സംബന്ധിച്ച് ഭദ്രാസനത്തിന്റെ വളർച്ചയ്ക്കാവശ്യമായ ആലോചനകളും സഹകരണങ്ങളും നൽകണമേ.

ആഗസ്റ്റ് 12-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ ഒരു മീറ്റിംഗ് സ്പിരിച്വാലിറ്റി സെന്ററിൽവെച്ച് ക്രമീകരിക്കുകയാണ്. സർക്കാരിന്റെ നിബന്ധനകൾ അനുസരിച്ച് കണക്ക് എഴുതുകയും റിട്ടേൺ നൽകുകയും ചെയ്യേണ്ടത് ആവശ്യമാണല്ലോ. ഇതിനാവശ്യമായ നിർദ്ദേശങ്ങളും പഠനങ്ങളും പ്രസ്തുത മീറ്റിംഗിൽ ഉണ്ടായിരിക്കും. അതുകൊണ്ട് പ്രത്യേക പരിഗണന നൽകി ഇതിൽ സംബന്ധിക്കണം. ഇതിനോടകം ഇടവകയുടെ കണക്ക് ആഡിറ്റ് ചെയ്ത് 10 ബിബി സഹിതം ഭദ്രാസന ഓഫീസിൽ നൽകിക്കാണുമല്ലോ.

ആഗസ്റ്റ് 19-ന് ഭദ്രാസനദിനമായി ക്രമീകരിക്കുന്നു. എല്ലാ അച്ചന്മാരുടെയും സുവിശേഷകരുടെയും മണ്ഡല ഭദ്രാസന അംഗങ്ങളുടെയും സഹായസഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

എല്ലാ ഒന്നാം ശനിയാഴ്ചയും റിവൈവൽ മീറ്റിംഗ്, നാലാം ശനിയാഴ്ച പെയിൻ & പാലിയേറ്റീവ് മീറ്റിംഗ് നടന്നുവരുന്നു. ഇവയിൽ കഴിയുന്നിടത്തോളം അംഗങ്ങൾ വന്ന് സംബന്ധിക്കണം. റവ. ജോ ജോൺ അച്ചന്റെ നേതൃത്വത്തിൽ എല്ലാ മാസവും ഒരു മുഴുരാത്രി പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. അതിലും പങ്കാളിയാകണമേ. വിജയവഴിയുടെ ആദ്യ ക്യാമ്പിൽ 60 കുട്ടികൾ പങ്കെടുത്തു. അടുത്തത് ഓണം അവധിക്ക് നടത്തുവാൻ ആഗ്രഹിക്കുന്നു.

മെയ് 1-ാം തീയതി മുതൽ നമ്മുടെ ഭദ്രാസനത്തിലേക്ക് സ്ഥലം മാറി വന്ന ബഹു. അച്ചന്മാരെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

തുടർന്നും ഭദ്രാസനത്തിന്റെ ആകമാന വളർച്ചയ്ക്ക് കൈകോർത്തു നിന്ന് പ്രവർത്തിക്കാം. പ്രാർത്ഥിക്കാം.

**റവ. വി. കുഞ്ഞുകോശി**

ഭദ്രാസന സെക്രട്ടറി



നമ്മുടെ രാഷ്ട്രം കൈവരിച്ച സാമൂഹിക-സാംസ്കാരി-സാമ്പത്തിക പുരോഗതിയുടെ പ്രേരകശക്തിയായി നിലകൊണ്ടത് വിദ്യാഭ്യാസമാണ്. "എന്റെ ജീവിതം ഞാൻ ജീവിക്കുന്ന സമൂഹത്തിന് അവകാശപ്പെട്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം എന്റെ സമൂഹത്തിനുവേണ്ടി ചെയ്യുവാൻ സാധിക്കുന്നതെല്ലാം വലിയ ആനുകൂല്യമായി ഞാൻ കാണുന്നു. ജീവിതം എനിക്ക് ഒരു തിരിയല്ല. അത് കുറേ നേരത്തേക്കു മാത്രമുള്ളതെങ്കിലും ഞാൻ പിടിച്ചിരിക്കുന്നത് തീപ്പന്തമാണ്. ഈ തീപ്പന്തം അടുത്ത തലമുറയ്ക്ക് കൈമാറുംവരെ അത് ജ്വലിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു." കാലങ്ങൾ പിന്നിട്ടുവെങ്കിലും കാലികപ്രാധാന്യമുള്ളതായി ജോർജ്ജ് ബർണാഷായുടെ വാക്കുകൾ നിലകൊള്ളുന്നു.

ലക്ഷ്യബോധവും മൂല്യബോധവും ഉത്തരവാദിത്വബോധവുമുള്ള ഒരു നവസമൂഹം രൂപകല്പന ചെയ്യുവാൻ നമുക്ക് സാധിക്കണം. നല്ലതിനുവേണ്ടിയുള്ള അന്വേഷണവും നന്മയ്ക്കുവേണ്ടിയുള്ള പോരാട്ടവും നമുക്കിന്ന് അനിവാര്യമാണ്. ഏൽപ്പിക്കപ്പെട്ടിരിക്കുന്ന താലന്തുകളുടെ ഇന്നിന്റെ വിനിയോഗവും വിനിമയും നമ്മുടെ ഭാവി നിർണ്ണയിക്കുമ്പോൾ നിരന്തരമായ പരിശ്രമത്തിലൂടെയും പരിപോഷണത്തിലൂടെയും സമഗ്രവികസനത്തിന്റെ പടവുകൾ നമുക്ക് ചവിട്ടാം.

ജീവിക്കുന്നതിന്റെ തിരക്കിൽ ജീവിതം കൈവിട്ടുപോയ ഒരു തലമുറയാണ് നമ്മുടേത്. അത് കാരണം നമ്മൾ ദൈവത്തിൽനിന്നും, സമൂഹത്തിൽനിന്നും, പ്രകൃതിയിൽനിന്നും ഏറെ അകന്നു പോയിരിക്കുന്നു.

ഇന്നിന്റെ സാധ്യതകളും സംരംഭങ്ങളും തിരിച്ചറിഞ്ഞ് മാനവരാശിക്ക് വെളിച്ചം പകരുവാൻ നമുക്ക് സാധിക്കണം.

ബൗദ്ധികമായി ഉണർവ്വുള്ളവരാകാം
Be intellectually alert

ആത്മീകമായി സജീവമാകാം
Be spiritually alive

ശാരീരികമായി കർമ്മനിരതരാകാം
Be physically active (സ്വാമി വിവേകാനന്ദൻ)

**റവ. പി.ജെ. തോമസ്**
*ചീഫ് എഡിറ്റർ*



# ജ്ഞാനത്തിന്റെ പടവുകളിലൂടെ...

*"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല."*
(സദൃ. 22:6)



റവ. സുനിൽ. എ. ജോൺ
(തേവലക്കര മാർത്തോമ്മാ വലിയ പള്ളി)

**വി**ദ്യാഭ്യാസത്തിനു മനുഷ്യജീവിതത്തിൽ സവിശേഷമായ പ്രാധാന്യമുണ്ട്. അമ്മയുടെ ഗർഭത്തിൽ വച്ചുതന്നെ അറിവിന്റെ ലോകത്തിലേക്ക് പ്രവേശിക്കയും ജീവിതമാകമാനം അതിൽ വളരുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസം എന്ന വാക്ക് വേദപുസ്തകത്തിലില്ലെങ്കിലും പൊതുവിൽ വിശ്വാസികൾക്കും വിശേഷാൽ കുട്ടികൾക്കും ധാർമ്മിക ആത്മീകപാഠങ്ങൾ ഉപദേശിച്ചുനൽകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**വേദപുസ്തക പശ്ചാത്തലം**

ദൈവവുമായുള്ള തങ്ങളുടെ പ്രത്യേകമായ ബന്ധം കുഞ്ഞുങ്ങൾ മനസ്സിലാക്കണം എന്ന ഉദ്ദേശ്യത്തോടുകൂടിയായിരുന്നു യഹൂദാ വിദ്യാഭ്യാസം. ദൈവത്തെ സേവിക്കാനും വിശുദ്ധിയിൽ ജീവിക്കാനും പഠിപ്പിക്കുന്ന വിദ്യാഭ്യാസം. പിന്നീട് സ്വഭാവരൂപീകരണം, ചരിത്രപഠനം ഒക്കെ അതിന്റെ ഭാഗമായി. വായനയും എഴുത്തും കണക്കിന്റെ ചെറുപാഠങ്ങളും ഒക്കെയുണ്ടായിരുന്നു. ജ്ഞാനത്തിന് ഏറ്റവും ഉയർന്ന മൂല്യമാണ് നൽകിയിരുന്നത്. ദൈവിക നിയമങ്ങൾ വായിച്ച് ആഴത്തിലുള്ള അറിവ് നേടുക എന്നതായിരുന്നു പരമമായ ഉദ്ദേശ്യം. യേശു

**വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.**

പുരുഷാരത്തെ ഉപദേശിക്കുകയും തന്റെ ശിഷ്യരെ പഠിപ്പിക്കുകയും ചെയ്തു. അപ്പോസ്തലനായ പൗലോസ് ഗമാലിയേലിന്റെ പക്കൽനിന്ന്നിയമം പഠിച്ചവനായി വന്നു. (അപ്പൊ. പ്രവ. 22:3). മൂന്നാം മിഷണറിയാത്രയിൽ എഫേസോസിൽ താൻ ദിനം പ്രതി സംവാദത്തിനുപയോഗിച്ച തുറന്നൊസിന്റെ പാഠശാലയെക്കുറിച്ച് അപ്പൊ. പ്രവ. 19:9-ൽ വായിക്കുന്നു. ആസ്യയിൽ പാർക്കുന്ന യഹൂദന്മാരും യവനന്മാരും എല്ലാം അതു നിമിത്തം ദൈവവചനം കേൾക്കാനിടയായി. അദ്ധ്യാപകർ തികഞ്ഞ ധാർമ്മികതയുടെയും മാതൃകകളുടെയും ആളുകളായി പരിഗണിക്കപ്പെട്ടിരുന്നു.

**കുടുംബം പ്രധാന പാഠശാല**

വിദ്യാഭ്യാസം ഭവനത്തിൽ ആരംഭിക്കേണ്ടതാണെന്ന് വേദപുസ്തകം നിഷ്കർഷിക്കുന്നു. മാതാപിതാക്കൾ മക്കളെ മൂല്യബോധത്തിൽ അഭ്യസിപ്പിക്കേണ്ടുന്ന ചുമതല നൽകിയിരിക്കുന്നു. യേശു ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെ കൃപയിലും മുതിർന്നുവന്നു എന്ന് വായിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസം മാതാപിതാക്കളുടെ മുൻഗണനയാണ്.

**സഭാബോധനകേന്ദ്രം**


സഭയുടെ പ്രധാന ഉത്തരവാദിത്വം വിശ്വാസികളെ ഉപദേശത്തിൽ വളർത്തുന്നതും സുവിശേഷീകരണവുമാണ്. വളരുകയും പക്വത പ്രാപിക്കയും ചെയ്യുന്ന ശരീരം എന്ന പ്രതീകമാണ് സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നത്. ബോധനത്തിന്റെ അനിവാര്യത രേഖപ്പെടുത്തുന്നത് പുതിയനിയമം പ്രസ്താവിക്കുന്നു. ഉപദേശിക്കുന്നതിനുള്ള വരം (റോമ. 12:4-7, 1കൊരി. 12:28) എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രാദേശിക ആരാധന ഇടങ്ങളിൽ പഠനത്തിന്റെ പ്രാധാന്യം വെളിവാക്കുന്നു. സഭാബോധനത്തിന്റെ പ്രാധാന്യം പ്രായോഗികമാക്കിയ നവോത്ഥാന നായകനായിരുന്നു ജോൺ കാൽവിൻ. ദൈവവചനം അറിയുന്നതിനും പ്രവചനവരം ഒപ്പിയെടുക്കുന്നതിനും വിദ്യാഭ്യാസം അനിവാര്യമാണെന്നുള്ള അഭിപ്രായക്കാരനായിരുന്നു മാർട്ടിൻ ലൂഥർ. 1780-ൽ റോബർട്ട് റെയ്ക്ക്സ് ദരിദ്രകുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയതിലൂടെ ആധുനിക സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന് നാന്ദി കുറിച്ചു.

**വിദ്യാഭ്യാസം മനുഷ്യന്റെ മൃഗപ്രകൃതിയെ ദൂരീകരിക്കുകയും സംസ്കൃതിയെ സാംശീകരിച്ചുകൊണ്ട് ഒരു ലക്ഷ്യത്തിലേക്ക് അവനെ എത്തിക്കും**

**പ്രകാശിക്കേണ്ട ജീവിതം**

''വിദ്യാഭ്യാസം പരിപൂർണ്ണ ജീവിതത്തിനുള്ള തയ്യാറെടുപ്പെന്ന്'' സ്പെൻസറും, വിദ്യാഭ്യാസം മനുഷ്യന്റെ മൃഗപ്രകൃതിയെ ദൂരീകരിക്കുകയും സംസ്കൃതിയെ സാംശീകരിച്ചും ഒരു ലക്ഷ്യത്തിലേക്ക് അവനെ എത്തിക്കും" എന്ന് റോബൻ ക്രാസും, "കുട്ടികളിലും പ്രായമുള്ളവരിലുമുള്ള ഉത്തമമായതിനെ പുറത്തേക്ക് കൊണ്ടുവരികയാണ് വിദ്യാഭ്യാസം" എന്ന് ഗാന്ധിജിയും അഭിപ്രായപ്പെട്ടിട്ടുണ്ട്. "കള്ളന് കട്ടുകൊണ്ടുപോകുവാൻ കഴിയാത്ത, രാജാവിന് നികുതി നൽകേണ്ടതില്ലാത്ത, ചെലവഴിക്കുന്തോറും വർദ്ധിച്ചുവരുന്ന വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന് പ്രസംഗാഭരണം.

"അവനിൽ ദൈവത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങളൊക്കെയും ഗുപ്തമായിരിക്കുന്നു.'' (കൊലോ. 2:3). ദൈവം നമുക്ക് നൽകിയ സകലത്തിന്റെയും ഗൃഹവിചാരകത്വം ഭംഗിയായി നടക്കവണ്ണം ദൈവത്തെപ്പറ്റിയും ലോകത്തെപ്പറ്റിയും അറിവ് പകരാൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. ☐





റവ. ജോൺ പി. ജോയി

"നമ്മുടെ കുട്ടികൾ നമ്മുടെ കുട്ടികളല്ല. അവർ നമ്മിലൂടെ വന്നെങ്കിലും നമ്മളിൽനിന്നല്ല വന്നത്. അവർക്ക് സ്നേഹം കൊടുക്കാം. ആശയം നൽകരുത്. അവരുടെ ആശയം വേണമെങ്കിൽ നമുക്ക് സ്വീകരിക്കാം. കാരണം ലോകത്തിന്റെ ഗതി മുന്നോട്ടാണ്." (ഖലീൽ ജിബ്രാൻ)

കാലികമായ മാറ്റം ലഭിക്കുന്നവയാണ് വികസന അജണ്ടകൾ, എന്നാൽ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ലക്ഷ്യം എല്ലാ കാലഭേദങ്ങളെയും അതിജീവിക്കുന്ന മാനുഷിക തലം ഉൾക്കൊള്ളുന്ന ഒന്നാണ്. വിദ്യാഭ്യാസത്തിന്റെ നിയതഭാവം സൃഷ്ടാവിൽ നിന്നുള്ള മനസ്സിലാക്കലാണ്. (മത്തായി 11:29). "എന്നോട് പഠിപ്പിൻ" എന്ന ക്രിസ്തുവിന്റെ വാക്കുകൾ, മാതൃകാപരമായ ജീവിതത്തിലേക്ക് വിരൽചൂണ്ടുന്നു. വിദ്യയുടെ അഭ്യസനം വ്യക്തിയുടെ ഭൗതിക അഭിവൃദ്ധിക്കും മുൻപെ ജീവന്റെ രക്ഷയ്ക്ക് ഉതകുന്നതാകണം. വ്യക്തിത്വത്തിന്റെ വൈകല്യങ്ങളെ ചികിത്സിച്ച് ഭേദമാക്കേണ്ട ദിവ്യ ഔഷധമാണ് വിദ്യാഭ്യാസം. സൃഷ്ടാവിനെ തിരിച്ചറിയുന്ന ബോധം ഉളവാകിന്നിടത്താണ് ഓരോ ദേഹിയുടെയും വിദ്യാഭ്യാസം പരിപൂർണ്ണമാകുന്നത്. വിദ്യാഭ്യാസ പ്രവർത്തനത്തെ, അതിന്റെ വ്യവസ്ഥാപരമായ ഘടകങ്ങളിലൂടെ നമുക്ക് വിലയിരുത്താം.

**വിദ്യാർത്ഥിയും അഭ്യസനത്തിന്റെ ധാർമ്മികതയും**

വിദ്യാഭ്യാസത്തിന്റെ വ്യാവസായികലോകം വിദ്യാർത്ഥികളെ അതിന്റെ കേവല ഉപോൽപ്പന്നമാക്കി മാറ്റിയിരിക്കുന്നു. വിദ്യ അഭ്യസിക്കുന്നതിലൂടെ ദൈവീക ചൈതന്യം ഉൾചേർന്ന മാതൃക മനുഷ്യത്വത്തെ സൃഷ്ടിച്ചെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാന ലക്ഷ്യം. വിദ്യാഭ്യാസ മേഖല ഇന്ന് പരീക്ഷണങ്ങളുടെയും മത്സരങ്ങളുടെയും ആശയക്കുഴപ്പം തീർക്കുന്ന അരങ്ങാണ്. വിദ്യാർത്ഥി ഇവിടെയൊരു പരീക്ഷണവസ്തുവായി തീർക്കപ്പെട്ടിരിക്കുന്നു. ഭാരതസംസ്കാ



രത്തിന്റെ അടിത്തറയായിരുന്ന ഗുരുകുല വിദ്യാഭ്യാസരീതി ഗുരുവിന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ സാംക്ഷികരിക്കുന്ന മാതൃക അഭ്യസന രീതിയായിരുന്നു. വിദ്യാഭ്യാസം കൂടുതൽ മാർക്ക് നേടാനുള്ള പരിശ്രമം മാത്രമായി ഇൻഡ്യൻ ക്ലാസ് മുറികളിൽ ഒതുങ്ങുമ്പോൾ, വികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസം ഉത്തമ പൗരന്മാരുടെ രൂപീകരണത്തിന് പരമപ്രാധാന്യം നൽകുന്നു.

**ചലനാത്മകമായ സാഹചര്യങ്ങളിൽ അതിജീവനത്തിന്റെ സാധ്യത വിദ്യാർത്ഥിക്ക് പകർന്നുനൽകുന്നത് ഗുരുക്കന്മാരാണ്.**

സാമൂഹിക ജീവിതത്തിന്റെ ആഘോഷങ്ങളിൽപെട്ട് പലരും വിദ്യാർത്ഥി ആയിരിക്കെതന്നെ ജീവിതം നഷ്ടമാമക്കുന്നു. എന്താണ് സത്യം, എന്താണ് മിഥ്യ എന്ന് തിരിച്ചറിയാൻ സാധിക്കാത്തിടത്തോളം വിദ്യാഭ്യാസം ലക്ഷ്യം കൈവരിക്കുന്നില്ല. (സദൃശ്യ 22:6), ശിക്ഷണം വിദ്യാഭ്യാസത്തിന്റെ രൂപരേഖയാണ്, എന്നാൽ ശിക്ഷണത്തിന് വിധേയപ്പെടാൻ ഇന്നത്തെ തലമുറ കാട്ടുന്ന വിമുഖത ഭാവിജീവിതത്തെ കെട്ടുറപ്പില്ലാതാക്കും.

**വിദ്യാർത്ഥികളും മാതാപിതാക്കളും**

ജീവിതത്തിലെ സ്വപ്നങ്ങളും, പ്രതീക്ഷകളും ദൃശ്യവത്കരിക്കപ്പെടുന്നിടത്താണ് മാതാപിതാക്കളും, മക്കളും തമ്മിലുള്ള ബന്ധം അന്വർത്ഥമാകുന്നത്. ജീവശാസ്ത്രപരമായ ബന്ധംകൊണ്ട് മാത്രം ഒരു കുഞ്ഞ് മാതാപിതാക്കളുടെ അവകാശമാകുന്നില്ല. ബാലാരിഷ്ടതകളുടെ ലോകം വിട്ട് ഉത്തരവാദിത്വങ്ങളിലേക്കുള്ള പ്രവേശനമാണ് വിദ്യാഭ്യാസ പ്രവർത്തനം. അമേരിക്കൻ മതശാസ്ത്രജ്ഞനായ ഹാരി ഹാർലോ പഠനവിധേയമായി തെളിയിച്ച സത്യമാണ്. "Secure attachment" (മാതാപിതാക്കളും കുഞ്ഞും തമ്മിലുള്ള ബന്ധം) നഷ്ടമാകുന്നത്, വികല വ്യക്തിത്വങ്ങളെ രൂപപ്പെടുത്തും എന്നത്. പാഠ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ അദ്ധ്യാത്മീകവും സാമൂഹികവുമായ പ്രതിബദ്ധത ഒരു വിദ്യാർത്ഥിയിൽ ഉൾചേർക്കേണ്ടത് മാതാപിതാക്കളുടെ പരമപ്രധാനമായ ഉത്തരവാദിത്വമാണ്.

വീടിന്റെ ദൈനംദിന പ്രവർത്തനങ്ങളിലെ ചെറുതും, വലുതുമായ ഉത്തരവാദിത്തങ്ങളിൽ വിദ്യാർത്ഥിയെ ഭാഗവാക്കാക്കുന്നത് ഉത്തമമായ ഒരു രീതിയാണ്. ഏത് തൊഴിലിന്റെയും മഹത്വം തുല്യമാണ് എന്ന അടിസ്ഥാനതത്വം വിദ്യാർത്ഥി വീട്ടിൽനിന്നും മനസ്സിലാക്കിത്തന്നെ സമൂഹത്തിലേക്ക് പോകണം. വ്യക്തികളെയും, സാഹചര്യങ്ങളെയും ബഹുമാനിക്കാനും, ആയതിനുയോഗ്യമായി പ്രതികരിക്കാനും വിദ്യാർത്ഥി പഠിക്കേണ്ടത് മാതാപിതാക്കളിൽനിന്നാണ്. മാതാപിതാക്കളുടെ വ്യക്തിപരവും, കുടുംബബന്ധിതവും, സാമൂഹികവുമായ ജീവിതരീതി ഓരോ വിദ്യാർത്ഥിയിലും പ്രതിഫലിക്കുന്നു. മാതാപിതാക്കളുടെയും കുടുംബത്തിനുള്ളിലെയും ബലഹീനതകൾ വിദ്യാർത്ഥികളുടെ സ്വഭാവവൈകല്യങ്ങളായി രൂപപ്പെടുന്നു. ഏത് മതവിശ്വാസത്തിന്റെയും അടിസ്ഥാന വിശ്വാസജീവിതശൈലികൾ വിദ്യാർത്ഥി അഭ്യസിപ്പിക്കപ്പെടേണ്ടതും മാതാപിതാക്കളിൽനിന്നുതന്നെയാണ്. വിദ്യാഭ്യാസത്തിന്റെ സമഗ്രഭാവം പരിപൂർണ്ണമാകുന്നത് തികഞ്ഞ ദൈവബോധത്തിലൂടെ മാത്രമാണ്. ദൈവീകമായ പരിജ്ഞാനം ആത്യന്തികമായ മനുഷ്യൻ എന്ന തന്റെ അസ്ഥിത്വത്തിന്റെ അടിസ്ഥാനത്തെ ഉൾക്കൊള്ളുന്നു.

**അതിജീവനത്തിന്റെ സമഗ്രത**

"Those who educate the children are more to be honoured than their parents, because these give them life but those the art of living well" (Aristotle)

ചലനാത്മകമായ സാഹചര്യങ്ങളിൽ അതിജീവനത്തിന്റെ സാധ്യത വിദ്യാർത്ഥിക്ക് പകർന്നുനൽകുന്നത് ഗുരുക്കന്മാരാണ്. വ്യാവസായികാടിസ്ഥാനത്തിലേക്ക് വിദ്യാഭ്യാസം വളരുന്ന ഈ കാലയളവിൽ, ചൂഷണത്തിന് വിധേയമാകുന്ന ഒരു വലിയ വിഭാഗമായി അധ്യാപനമേഖല മാറ്റപ്പെട്ടു. മാന്യമായ പ്രതിഫലം ലഭിക്കാതെ ചെയ്യുന്ന തൊഴിൽ ബാധ്യതയായി മാറുകയും, ഇത് ഗുരു-ശിഷ്യ ധാർമ്മികബന്ധത്തെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു എന്നതാണ് ഇന്നത്തെ സാഹചര്യം. ഗുരുമുഖത്ത് നിന്നും സ്വായത്വമാക്കുന്ന വിദ്യ ശാരീരിക ശ്രവണത്തിലുപരി ആത്മാവിന്റെ അടിസ്ഥാനമായി മാറുന്നിടത്താണ് വിദ്യാഭ്യാസം ലക്ഷ്യം കാണുന്നത്. ജീവിതവിജയവും, ഭൗതിക നേട്ടങ്ങളും വിദ്യാർത്ഥി-അദ്ധ്യാപക ബന്ധത്തിന്റെ സജീവതയെ അടിസ്ഥാനമാക്കി നിർണ്ണയിക്കപ്പെടുന്ന ഒന്നാണ്. ഗുരു ഒരു വ്യക്തി എന്ന നിലയിൽനിന്നും വിദ്യാർത്ഥിയുടെ സമഗ്ര വികസന

ത്തിന്റെ വ്യവസ്ഥാപിത സങ്കേതമായി മാറുന്നിടത്ത് വിദ്യാഭ്യാസം വിജയിക്കുന്നു.

ഗുരു നിർജ്ജീവമായ ഒരു ചൂണ്ടുപലകയല്ല. വിദ്യാർത്ഥിയുടെ ജീവിതനിമിഷങ്ങളോടൊപ്പം അറിവും, വിവേകവും ആയി വളരുന്ന ആത്മപ്രേരണയാണ്. ജീവന്റെ സമഗ്രത ഗുരുവിലൂടെയാണ് വിദ്യാർത്ഥി ദർശിക്കുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും തുറക്കുന്ന ഒരു കിളിവാതിലാണ് ഗുരു. ഒരു വിദ്യാർത്ഥിക്കാവശ്യമായ എന്തെങ്കിലും ഏതൊരു ഗുരുവിലും നിലനിൽക്കുന്നു എന്നത് ഗുരുധർമ്മത്തിന്റെ ദൈവീക ഭാവമാണ്. ക്രിസ്തു എന്ന ഗുരുവിനെ ശ്രവിക്കാൻ, സ്പർശിക്കാൻ ജനം വ്യഗ്രത കാട്ടുന്നത് അവനിൽനിന്നും എന്തെങ്കിലും അവർ പ്രതീക്ഷിക്കുന്നതിനാലാണ് (ലൂക്കോ. 6:19). ഗുരു-ശിഷ്യ ബന്ധത്തിൽ ഗുരുവിന്റെ തനിമ പ്രകടമാകുന്നത്, ഒരു വിദ്യാർത്ഥിയിൽ സൃഷ്ടിപരമായി ഉൾച്ചേർന്നിരിക്കുന്ന കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുമ്പോഴാണ്.

**ഗുരു നിർജ്ജീവമായ ഒരു ചൂണ്ടുപലകയല്ല. വിദ്യാർത്ഥിയുടെ ജീവിത നിമിഷങ്ങളോടൊപ്പം അറിവും, വിവേകവും ആയി വളരുന്ന ആത്മപ്രേരണയാണ്**

**വിദ്യാർത്ഥിയും പാഠ്യപദ്ധതിയും**

പാഠ്യപദ്ധതിയുടെ ധാർമ്മികതയും, മൂല്യങ്ങളുമാണ് കാലഘട്ടത്തെ രൂപപ്പെടുത്തുന്നത്. മാനവീകതയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു പാഠ്യപദ്ധതിക്കു മാത്രമെ ഒരു സമഗ്രവ്യക്തിത്വത്തെ രൂപപ്പെടുത്താനാകൂ. അദ്ധ്യാപന വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതും കായികവുമായ ഒരു പാഠ്യപദ്ധതിക്ക് മാത്രമെ വ്യക്തിത്വമുള്ള പൗരന്മാരെ ഉളവാക്കാനാകൂ. സ്കൂൾ ക്ലാസ്മുറികളിൽനിന്നും, പ്രായോഗികതലങ്ങളിലേക്കും വ്യാപിക്കുന്ന അനുഭവമാണ് പാഠ്യപദ്ധതി, അത് മാതൃകാപരമായ ജീവനത്തിന് വിദ്യാർത്ഥികളെ ഒരുക്കുന്നതും ആകണം. മൂല്യബന്ധിത പാഠ്യപദ്ധതിക്ക് മാത്രമേ ഒരു വ്യക്തിക്ക് സമഗ്രത നൽകാനാകൂ.

സ്ഥാപനവത്കരിക്കപ്പെട്ട വിദ്യാഭ്യാസമേഖല ഭരിക്കുന്നവരുടെ താല്പര്യത്തിനും, പുസ്തക വ്യവസായികളുടെ ഇംഗിതത്തിനും അനുസൃത പാഠ്യപദ്ധതിക്കാണ് പ്രാധാന്യം നൽകുന്നത്. സാമൂഹികമായി നിലനിൽക്കുന്ന അനാരോഗ്യപ്രവണതകളെ ചോദ്യം ചെയ്യാൻ മാത്രം പര്യാപ്തമല്ല, അടിമവത്കരിക്കപ്പെട്ട ഇത്തരം പാഠ്യപദ്ധതികൾ. ജീവിതവിജയത്തിനാവശ്യമായ ദർശനം പ്രധാനം ചെയ്യുന്നതാകണം പാഠ്യപദ്ധതി.

**ക്രൈസ്തവ വിദ്യാഭ്യാസവും വ്യക്തിത്വസമഗ്രതയും**

പൊതുവിദ്യാഭ്യാസ വ്യവസ്ഥയിൽനിന്നും തികച്ചും വ്യത്യസ്തമായ ലക്ഷ്യത്തിലൂന്നിയാണ് ക്രൈസ്തവ വിദ്യാഭ്യാസം നിലനിൽക്കുന്നത്. മനുഷ്യജീവിതത്തിന്റെ ദൃശ്യതലങ്ങൾക്ക് അപ്പുറം വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് ക്രൈസ്തവ വിദ്യാഭ്യാസത്തിൽ നിലനിൽക്കുന്നത്. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പൗരനെ രൂപപ്പെടുത്തുന്നതിലെ സാമൂദായിക ഭാഗധേയം കൃത്യമാക്കുക എന്നത് മതവിദ്യാഭ്യാസത്തിന്റെ പരമപ്രധാന ലക്ഷ്യമാണ്.

ക്രൈസ്തവ വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ മറ്റൊരു പതിപ്പായി നിലനിൽക്കാനല്ല ഉദ്ദേശിക്കുന്നത്, പകരം സാമൂഹികമായ അരാജകത്വങ്ങളെ അഭിമുഖീകരിക്കാനും, ചോദ്യം ചെയ്യാനും പര്യാപ്തമായ സമഗ്രവ്യക്തിത്വങ്ങളെ രൂപീകരിക്കുവാൻ ഉതകണം. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മാതൃകയിൽ ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി രൂപപ്പെടുത്താൻ ശ്രമിക്കുമ്പോൾ വികല വ്യക്തിത്വങ്ങളെയോ, സമൂഹത്തിന്റെ പൊതുബോധത്തോട് ഏകീഭവിക്കുന്ന വ്യക്തിത്വങ്ങളോ മാത്രം സൃഷ്ടിക്കപ്പെടുന്നു. വിദ്യാഭ്യാസ സമ്പ്രദായം ദൈവീകതയും ധാർമ്മികതയുമുള്ള ജീവിതത്തിന് അടിസ്ഥാനമിടുകയും സാമൂഹിക പൊതുബോധത്തിൽനിന്നും വ്യത്യസ്ത കാഴ്ചപ്പാട് സൃഷ്ടിക്കാൻ ഉതകുന്ന വ്യക്തികളെയും രൂപപ്പെടുത്തുന്നതാകണം. □

**Teaching is the one profession that creates all other professions.**



റവ. ഫിലിപ്പ് ജോർജ്ജ്
തോട്ടയ്ക്കാട്

....കഴിഞ്ഞ ലക്കം തുടർച്ച

**'വെറുപ്പ്'ധിഷ്ഠിത മനോഭാവം**

വെറുപ്പ് ഒരു കേവല വികാരമല്ല, അത് ബന്ധങ്ങളെ അന്യവത്കരിക്കുന്നതാണ്. വെറുപ്പധിഷ്ഠിത കുറ്റകൃത്യങ്ങൾ പെരുകുന്ന ഒരു കാലമാണിത്. സാംസ്കാരിക കേരളം തല താഴ്ത്തിപ്പിടിക്കേണ്ടിവരുന്ന അക്രമങ്ങൾ ആണ് ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കേണ്ടവരുന്നത്. മധു അതിന്റെ ഒടുവിലത്തെ ഇരയാണ്. ആദിവാസികളും സ്ത്രീകളും ലൈംഗീക ന്യൂനപക്ഷങ്ങളും നിരന്തരം പീഡിപ്പിക്കപ്പെടുന്നു. അടുത്ത കാലത്തിനുള്ളിൽ നിരവധി പോലീസ് അതിക്രമങ്ങൾക്കും പൊതുസമൂഹവെറുപ്പിനും കാരണമായവരാണ് ട്രാൻസ്ജെൻഡേഴ്സുകൾ. രേഖാ രാജ്, 'മാതൃഭൂമി'യിൽ വെറുപ്പ് അധിഷ്ഠിത കുറ്റകൃത്യങ്ങളെക്കുറിച്ച് എഴുതുമ്പോൾ അതിനെ നിർവ്വചിക്കുന്നത്; 'വംശീയമോ, ജാതീയമോ, മതപരമോ, ലിംഗപദവിപരമോ, മറ്റേതെങ്കിലും അസംബന്ധങ്ങളുടെ അടിസ്ഥാനത്തിലോ ഉള്ള തികഞ്ഞ മുൻവിധിയിൽ" രൂപപ്പെടുന്ന ഒന്നാണിത് എന്നാണ്. ട്രാൻസ്ജെൻഡേഴ്സ് അഭിമുഖീകരിക്കുന്ന അതീവഗൗരവമായ പ്രശ്നവും ഈ സമൂഹവെറുപ്പാണ്. തങ്ങൾ ആരാണ്? എന്താണ്? എന്ന് പരസ്യമാക്കുവാൻ പൊതുസമൂഹത്തിന്റെ മൗലീക അഹന്തകളിൽ ജീവിക്കുന്നവർ ഇവരെ അനുവദിക്കുന്നില്ല. പകരം അവർ നിർവ്വചിക്കുന്ന 'അപരനാമ'ങ്ങളിൽ അപരരായി ഇവർ ജീവിക്കണം എന്നുതന്നെയാണ് നിർബന്ധിക്കുന്നത്. കുടുംബത്തെക്കുറിച്ചും ശരീരത്തെക്കുറിച്ചും ലൈംഗീകതയെക്കുറിച്ചും പ്രബലമല്ലാത്ത രീതിയിൽ എടുത്തുകാട്ടുന്നതിന്റെ അലോസരമാണു ഈ വെറുപ്പിനു പിന്നിലുള്ളത്. തന്മൂലം ഭരണകൂടവും അതിന്റെ നിയമപരിപാലനസമൂഹവും പൊതുസമൂഹത്തിന്റെ ധർമ്മപരിപാലകരും (Moral Policing) ട്രാൻസ്ജെൻഡേഴ്സിനെതിരെ കേസ്സുകൾ കെട്ടിച്ചമയ്ക്കുകയും അവരുടെ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുകയും ക്രിമിനലുകളെപ്പോലെ സമീപിക്കുകയും ചെയ്യുന്നു.

**വിശപ്പ്**

വിശപ്പ് ഘനീഭവിച്ച ഉദരങ്ങളുമായി സ്വന്തം സ്വത്വം പഴിച്ച് ജീവിതം തള്ളിനീക്കുന്ന ട്രാൻസ്ജെൻഡേഴ്സുകൾ ധാരാളമാണ്. വേണ്ടത്ര വിദ്യാ



ഭ്യാസമോ തൊഴിലധിഷ്ഠിത പരിശീലനങ്ങളോ ഇവർക്കില്ലാത്തതിനാൽ മാന്യമായ തൊഴിലോ, വേതനമോ, ഇവർക്ക് ലഭിക്കാതെവരുന്നു. ഭിക്ഷാടനവും നൃത്തവും, ലൈംഗീകവൃത്തിയും ഒക്കെ ജീവൻ നിലനിർത്തുവാനുള്ള ഇവരുടെ സമരമുഖങ്ങളായേ കാണാൻ പറ്റൂ. സാമ്പത്തിക ഇടപാടുകളിൽ നിന്ന് ഒഴിവാക്കിനിർത്തിയും ഭൗതീകവസ്തുക്കളുടെയും വിഭവങ്ങളുടെയും ഉടമസ്ഥാവകാശത്തിൽ (ownership) നിന്ന് പുറത്താക്കിയും വിതരണത്തിൽ (distribution) പങ്ക് നിഷേധിച്ചും അവകാശങ്ങൾ (rights) ചോദിക്കുന്നതിൽനിന്ന് വിലക്കിയും സമൂഹം ട്രാൻസ്ജെൻഡേഴ്സിനെ മനുഷ്യരല്ലാതാക്കുന്നു.

**കൂട്**

ജീവജാലകങ്ങൾക്ക് വിശ്രമത്തിനും മയക്കത്തിനും കൂട് അത്യന്താപേക്ഷിതമാണ്. അത് സ്വകാര്യതയുടെയും സ്വാതന്ത്ര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഇടമാണ്. സ്വന്തം കൂട്ടിൽ അഭയം തേടുന്നവർക്ക് മനസ്സിന് ലഭിക്കുന്ന ഉന്മേഷവും ഊർജ്ജവും ഇരട്ടിയാണ്. 2020-ലേക്ക് എല്ലാവർക്ക് ശൗചാലയവും 2050-ലേക്ക് എല്ലാവർക്കും വീടും വിഭാവന ചെയ്യുന്ന രാജ്യമാണ് ഇൻഡ്യ. പക്ഷേ സഹായങ്ങൾ പൗരന്മാർക്ക് മാത്രം. അതിന് തിരിച്ചറിയൽ രേഖകൾ വേണം. ഇന്നും ബഹുഭൂരിപക്ഷം ട്രാൻസ്ജെൻഡേഴ്സുകൾക്കും ശരിയായ തിരിച്ചറിയൽ രേഖകൾ ലഭ്യമല്ല. ജനിച്ചുവളർന്ന വീട്ടിൽനിന്ന് പുറത്തേക്ക് എറിയപ്പെട്ടവർ, കുടുംബസ്വത്തോ, ഭവനമോ, സ്വന്തംപോലെ ഉപയോഗിക്കുവാൻ കനിവ് തേടുന്നവർ, പൊതുയിടങ്ങളിലും സ്കൂളുകളിലും അവരുടെ പ്രാഥമികകൃത്യങ്ങൾക്കെങ്കിലും 'കൂട്' അന്വേഷിക്കുന്നവർ, വഴിയമ്പലങ്ങളിൽ 'മുറി' നിഷേധിക്കപ്പെടുന്നവർ, രാത്രി അന്തിയുറങ്ങുന്നിടത്തും ലൈംഗീകാതിക്രമങ്ങളെ ഭയന്ന് കിടക്കേണ്ടിവരുന്നവർ, എവിടെയെങ്കിലും തലചായ്ക്കാൻ ഇടമുണ്ടെങ്കിൽ തന്നെ പൊതുസമൂഹത്തിന്റെ നിരീക്ഷണവലയത്തിൽ കുടുങ്ങിക്കിടക്കേണ്ടിവരുന്നവർ, സംഭാഷണങ്ങളും, യാത്രയും, ഇടപാടുകളും സംശയത്തിന്റെ മുൾമുനയിൽ നിർവ്വഹിക്കേണ്ടിവരുന്നവർ, ഇങ്ങനെ കൂട് നഷ്ടപ്പെട്ട പക്ഷിയെപ്പോലെ നിസ്സഹായതയുടെ ദുസ്സഹതയിൽ ഹോമിക്കപ്പെടുന്നവർ - ട്രാൻസ്ജെൻഡേഴ്സ്

**അവകാശങ്ങൾ പരിമിതപ്പെട്ടവർ**

എല്ലാവരെയും പോലെ തികഞ്ഞ സ്വാതന്ത്ര്യത്തോടെ മനുഷ്യരായി ജീവിക്കുവാനുള്ള അവകാശമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഒരു കാഴ്ചവസ്തുവിനെപ്പോലെ വീക്ഷിക്കപ്പെടുവാനല്ല, ആണും പെണ്ണും എങ്ങനെ സമൂഹത്തിന്റെ കാഴ്ചയിൽ വരുന്നുവോ അതേ ലാഘവത്തോടെ അനായാസം മനുഷ്യരായി തിരിച്ചറിയപ്പെടാൻ ഇവർ ആഗ്രഹിക്കുന്നു. ഭൗതികജീവിത സാഹചര്യങ്ങളിലുള്ള ഉടമസ്ഥാവകാശവും സ്വന്തം സ്വത്ത്വം ഉയർത്തിപ്പിടിക്കുന്നതിന് ഇണങ്ങിയ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾ അടിയന്തരമാണ്. വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത ജോലിസാദ്ധ്യതകൾ ഇല്ലാതാക്കുന്നു. തുടർവിദ്യാഭ്യാസത്തിന്റെ അവകാശം മറ്റൊന്നാണ്. ജിജോ കുര്യാക്കോസ് 'മാതൃഭൂമി'യിൽ പങ്കുവെച്ചതുപോലെ ഒരാളുടെ ദൈനംദിന സാന്നിദ്ധ്യം പ്രകടമാക്കുന്ന വിദ്യാലയ/തൊഴിൽ പക്കങ്ങളിൽ ലൈംഗീകതാവൈഷമ്യങ്ങൾ മൂലം ലൈംഗീക ന്യൂനപക്ഷങ്ങൾ ഉന്മേഷ രഹിതരായി കഴിയാതിരിക്കാനും രമ്യമായ സുഹൃദ്വലയങ്ങൾ നിലനിർത്തുവാനും ഈ ഇടങ്ങളൊക്കെ 'ഇൻക്ലൂസീവ് സ്പേസസ്' ആയി പരിണമിക്കേണ്ടിയിരിക്കുന്നു. കുറിക്കപ്പെടാതെ പോയതോ, മറയ്ക്കപ്പെട്ടതോ, നഷ്ടപ്പെട്ടതോ ആയ ചരിത്രയിടങ്ങൾ തിരികെപ്പിടിക്കുക എന്നതും ഇന്നിന്റെ ആവശ്യമാണ്. എല്ലാത്തിനും ഉപരി മുൻവിധികളില്ലാതെ തങ്ങളോടിടപെടുന്ന ജീവിതസാഹചര്യങ്ങളും ഏതൊരു ട്രാൻസ്ജെൻഡറിന്റെയും സ്വപ്നമാണ്.

**സഭ 'ശരീര'മാകുമ്പോൾ** (denominations)

സഭ (church) സമുദായങ്ങളല്ല. ഓരോ ഭാഷയുടെയും ആചാരങ്ങളുടെയും ആരാധനാരീതികളുടെയും വിശ്വാസ വ്യത്യസ്തതകളുടേയും പേരിൽ സമുദായങ്ങൾ രൂപപ്പെടുമ്പോൾ സഭ ക്രിസ്തുവിന്റെ ശരീരമാണ്. സമുദായങ്ങൾ പലതുണ്ടെങ്കിലും ക്രിസ്തുമനസ്സിന്റെ പ്രതികരണങ്ങൾ അവ നിർവ്വഹിക്കുമ്പോഴാണ് സഭയാകുക. ക്രിസ്തുവന്റെ മനസ്സ്, നിസ്സഹായതയുടെ നെരിപ്പോടിൽ തളയ്ക്കപ്പെട്ടവരോട് പക്ഷംചേർന്ന് നിൽക്കുന്ന ഒന്നാണ്. മുറിവേറ്റ മനുഷ്യരുടെ മുമ്പിൽ ക്രിസ്തുവിന് തുറന്നുവെയ്ക്കുവാനുള്ള ശരീരം തുളയ്ക്കപ്പെട്ട കരവും ആണികയറി വിങ്ങിയ പാദങ്ങളുമാണ്. മുഖ്യധാരയിൽ നിന്ന് ആട്ടിയകറ്റപ്പെട്ട മനുഷ്യരോട് ക്രിസ്തുശരീരമായി വെളിപ്പെട്ടുചെല്ലുവാൻ സഭ നിയോഗിതയാണ്.

ന്യൂനപക്ഷങ്ങളെന്ന് സമൂഹവും ഭരണകൂടവും മുദ്രകുത്തിയ വിശ്വാസികളോടും സ്ത്രീസമൂഹത്തോടും അശുദ്ധർ എന്ന് 'മരണപത്രം' നൽകിയ കുഷ്ഠരോഗികളോടുമുള്ള 'ക്രിസ്തുശരീര'ത്തിന്റെ ഭാഷ 'താദാത്മ്യപ്പെടൽ' എന്നതായിരുന്നു. മാർത്തോമ്മാ സഭയായി ട്രാൻസ്ജെൻഡേഴ്സിന്റെ ഇടയിൽ നിർവ്വഹിക്കുന്ന 'ക്രിസ്തുശരീര പ്രതികരണങ്ങൾ' അനുരണനങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്യും. സഭ, സഭയ്ക്കുള്ളിലെന്ന് നിജപ്പെടുത്തിയവർക്ക് വേണ്ടി മാത്രമല്ല; പുറത്തെന്ന് കരുതുന്നവർക്കുവേണ്ടി കൂടിയാണ് സാക്ഷ്യമാകേണ്ടത്. ഇതിലൂടെ സഭ തന്നെ പുതിയ സ്വത്ത്വം കണ്ടെത്തുകയാണ് ചെയ്യുക. ഒരു ദൗത്യവും അതിൽതന്നെ പൂർണ്ണമല്ല; പ്രവർത്തന വഴിത്താരയിൽ പുത്തൻ ദിശാബോധങ്ങൾ രൂപപ്പെടുത്തി ആത്യന്തികമായി സഭ ജീവന്റെ പ്രഘോഷകരായിത്തീരട്ടെ. ❑




പുനർനിർമ്മിച്ച കുന്നത്തൂർ ശാലേം മാർത്തോമ്മാ ഇടവകയുടെ കൂദാശാകർമ്മം



അബുദാബി മാർത്തോമ്മാ ഇടവകാംഗം ശ്രീ. സജി തോമസിന്റെ സഹായത്താൽ നിലയ്ക്കൽ ജറുശലേം മാർത്തോമ്മാ ഇടവകാംഗം ശ്രീ. ജോയിക്ക് പണിതുനൽകിയ വീട്



തുവയൂർ സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവക സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ ഗുരുകുലം സന്ദർശിച്ചപ്പോൾ



ഏഴംകുളം ശാലേം മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനോദ്ഘാടനം



കായംകുളം സെന്റർ മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനോദ്ഘാടനം




കുളക്കട സെന്റ് തോമസ് ഇടവക യുവജനസഖ്യം പ്രവർത്തനോദ്ഘാടനവും വികസനസംഘ പരിശീലനവും

# എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ STATE, CBSE, ICSE
## എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഭദ്രാസനാംഗങ്ങൾക്ക്
# അഭിനന്ദനങ്ങൾ

SSLC


ആൽബിൻ ബാബു
എലിക്കാട്ടൂർ സീയോൻ


ആൽബിൻ ബി വർഗ്ഗീസ്
കോഴിക്കോട് സെന്റ് തോമസ്


ആൽവിൻ ഒ. കുര്യൻ
കുറത്തികാട് സെന്റ് തോമസ്


അലീന ബേബി
മണ്ണടി സെന്റ് തോമസ്


അലീന എൽസബത്ത്
വാത്തികുളം സെന്റ് പോൾസ്


ആൻസി രാജൻ
തുരുത്തിക്കര ഇമ്മാനുവേൽ


അനിതാ ജോൺ
കോഴിക്കോട് സെന്റ് തോമസ്


ആൻ എ മാത്യു
കൊറ്റനല്ലൂർ ശാലേം


ആഞ്ജലി ഹന്ന ജോയി
കുറത്തികാട് സെന്റ് തോമസ്


അനുഗ്രഹ മറിയം ബാബു
കലയപുരം ശാലേം


അശ്വിൻ ജോർജ്ജ് വർഗ്ഗീസ്
പത്തനാപുരം ഇമ്മാനുവേൽ


ഐറിൻ സോളമൻ ജോർജ്ജ്
തേവലക്കര ഹെബ്രോൻ


ബിബിൻ എം. ജേക്കബ്
ഐരാണിക്കുടി ഇമ്മാനുവേൽ


ബിബി എൽസ ബിനു
കണ്ണങ്കോട് മാർത്തോമ്മാ


ബിജിൻ ബി.
ഏഴംകുളം ശാലേം


ക്രിസ്റ്റിനാ മേരി ബിനു
എലിക്കാട്ടൂർ സീയോൻ


ക്രിസ്റ്റോ വി. തോമസ്
എലിക്കാട്ടൂർ സീയോൻ


ദിയ പി. തോമസ്
ഐരാണിക്കുടി ഇമ്മാനുവേൽ


ജോമോൾ എസ്.
തേവലക്കര ഇമ്മാനുവേൽ


ജോഷ്ന ജോസ്
തുവയൂർ സെന്റ് ആൻഡ്രൂസ്


ജുബിയ സി. ജോർജ്ജ്
കോട്ടറ സെന്റ് പോൾസ്


ജൂബി ബിജു
കടമ്പനാട് ശാലേം


കെവിൻ എസ്. മോനച്ചൻ
കലയപുരം ശാലേം


കിരൺ സക്കറിയ
കോട്ടമ്പള്ളി ബഥേൽ


ലിജോ രാജു
മണ്ണടി മാർത്തോമ്മാ


മേഘ ചെറിയാൻ
കുറത്തികാട് ജറുശലേം


നിഖിൽ ബാബു
മണ്ണടി മാർത്തോമ്മാ


പ്രിൻസി രാജു
തുരുത്തിക്കര ഇമ്മാനുവേൽ


റിട്ടി പൊന്നച്ചൻ
എലിക്കാട്ടൂർ സീയോൻ


റിയ ആൻ ജോൺ
പത്തനാപുരം ഇമ്മാനുവേൽ



റോബിൻ റോയി
കലയപുരം ശാലേം



റോഹൻ ജോർജ്ജ് തോമസ്
കണ്ണങ്കോട് മാർത്തോമ്മാ



രോഹിത്ത് ജേക്കബ് ഏബ്രഹാം
പത്തനാപുരം ഇമ്മാനുവേൽ



സ്നേഹാ ബൈജു
എലിക്കാട്ടൂർ സീയോൻ



സ്നേഹ കെ.
എലിക്കാട്ടൂർ സീയോൻ



സ്നേഹ എസ്. ബിനോയി
തേവലക്കര വലിയപള്ളി



സ്നേഹ സൂസൻ പ്രിൻസ്
പൂങ്കുളഞ്ഞി സെന്റ് പോൾസ്



റീന കോശി
തേവലക്കര വലിയപള്ളി



റിനോ ആർ.
കണ്ണങ്കോട് മാർത്തോമ്മാ



സാന്റോ പി. തോമസ്
പത്തനാപുരം ഇമ്മാനുവേൽ



സുജിൻ കെ. റോയി
കോഴിക്കോട് സെന്റ് തോമസ്



ക്രിസ് തോമസ്
കാപ്പിൽ സെന്റ് തോമസ്



റിയ റേച്ചൽ കോശി
തേവലക്കര വലിയ പള്ളി



ഹന്ന അലക്സ് കുര്യൻ
കൂടൽ ബഥേൽ



ജെൻസൻ ജോസഫ്
പത്തനാപുരം ഇമ്മാനുവേൽ

## PLUS TWO



ആൻ മേരി ഏബ്രഹാം
കല്ലേലിഭാഗം ശാലേം



കീർത്തന എൽസാ ജോസ്
കല്ലേലിഭാഗം ശാലേം



സ്നേഹ സജി
കുളക്കട സെന്റ് തോമസ്



മേഘ റേച്ചൽ കോശി
കിഴക്കുപുറം ബഥേൽ



അഖില ഷാജി
കോഴിക്കോട് സെന്റ് തോമസ്



ജിബിൻ തോമസ്
കൊല്ലക സെന്റ് തോമസ്



മെർലിൻ മാത്യു
പുതുവൽ സെന്റ് തോമസ്



അഭിഷേക് ഫിലിപ്പ് ജോൺ
പുതുവൽ സെന്റ് തോമസ്



ശാലോം പി. ഡാനിയേൽ
കൊറ്റംപള്ളി ബഥേൽ



മെൽവിൻ എം. ജോർജ്ജ്
കറ്റാനം സെന്റ് തോമസ്



അനി എം. റെജി
ചാരുംമൂട് ക്രിസ്റ്റോസ്



ബിജിനി പി. വൈദ്യൻ
തേവലക്കര വലിയപള്ളി



മേഘ മാത്യു
തേവലക്കര ഹെബ്രോൺ



സ്നേഹ മത്തായി
തേവലക്കര ഹെബ്രോൻ



സ്നേഹ കെ. ജോൺ
പന്തളം മാർത്തോമ്മാ

# ആശംസകൾ



മനോമണിയൻ സുന്ദർനാർ യൂണിവേഴ്സിറ്റിയിൽനിന്നും
ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ

**ശ്രീമതി അന്ന ബിനോയി**

റവ. ബിനോയി ഡാനിയേലിന്റെ സഹധർമ്മിണിയും
കോർബ സെന്റ് തോമസ് സ്കൂൾ പ്രിൻസിപ്പലും
കൊറ്റനല്ലൂർ ശാലേം മാർത്തോമ്മാ ഇടവകാംഗവുമാണ്.



മാർത്തോമ്മാ സൺഡേസ്കൂൾ സമാജം
സീനിയേഴ്സിനുവേണ്ടി നടത്തിയ സ്ക്രിപ്ച്ചർ പരീക്ഷയിൽ
മികച്ച വിജയം കൈവരിച്ച

**സ്നേഹ എസ്. ബിനോയി**

തേവലക്കര മാർത്തോമ്മാ വലിയപള്ളി അംഗമാണ്




അടൂർ ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ കുട്ടികൾക്കുവേി നടത്തിയ വിദ്യാലയ വർഷാരംഭ ശുശ്രൂഷയിലും പഠനോപകരണവിതരണത്തിലും പങ്കെടുത്തവർ

കൊറ്റനല്ലൂർ ശാലേം മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനോദ്ഘാടനവും വൃക്ഷത്തൈ വിതരണവും







വിദ്യാഭ്യാസമേഖലയിലെ ആനുകാലിക സംഭവങ്ങൾ മനുഷ്യമനസ്സിനെ വേദനിപ്പിക്കുന്നതാണ്. എട്ടാംക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ പ്രകടമാകുന്ന സ്വഭാവവ്യതിയാനങ്ങൾ തികച്ചും ആശങ്ക ഉളവാക്കുന്നതാണ്. മദ്യപാനം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്.. തുടങ്ങിയവ സസൂക്ഷ്മം നിരിക്ഷിക്കേണ്ടതുണ്ട്. ക്ലാസ് മുറികളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പഠിക്കുന്ന കുട്ടികളുടെ എണ്ണവും കുറഞ്ഞുവരുന്നു. ഈ പ്രായത്തിലുള്ള കുട്ടികൾക്ക് തക്കതായ ദിശാബോധം നൽകി സാമൂഹ്യപ്രതിബദ്ധതയുള്ള ഉത്തമപൗരന്മാരാക്കേണ്ടത് നമ്മുടെ കടമയാണ്. സൺഡേസ്കൂൾ അദ്ധ്യാപകർക്ക് ഈ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ സാധിക്കും.

കേരളത്തിൽ പുതിയ പാഠ്യപദ്ധതിയിലുള്ള ഒരു പ്രോഗ്രാമാണ് 'അമ്മ അറിയാൻ'. സ്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്ന സമയത്ത് അമ്മമാർക്ക് മാത്രമായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ഇത്തരത്തിലുള്ള ക്ലാസ്സുകൾ അമ്മമാർക്ക് കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് വളരെ പ്രയോജനകരമാണ്. മാതാവിന്റെ സ്നേഹവും പിതാവിന്റെ നേതൃത്വവും ഒരുമിച്ചു ചേർന്നാൽ തീർച്ചയായും സ്വഭാവ ശ്രേഷ്ഠതയുള്ള കുട്ടികളെ വാർത്തെടുക്കാൻ സാധിക്കും.

സൺഡേസ്കൂൾ പഠനത്തിന് കുട്ടികൾക്കുള്ള താല്പര്യം മുൻകാലങ്ങളെക്കാൾ കുറഞ്ഞുവരുന്നത് ദുഃഖകരമാണ്. "അകക്കണ്ണ് തുറക്കാൻ" സൺഡേസ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമായി നടക്കേണ്ടതുണ്ട്. അതിന് ഏറ്റവും കൂടുതൽ സഹായിക്കാൻ കഴിയുന്നത് കുഞ്ഞിന്റെ മാതാവിനാണ്. ആയതിനാൽ സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ശാക്തീകരണത്തിന് ഓരോ അമ്മയും നിർബന്ധമായും പാലിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കട്ടെ.



തോമസ് ജോർജ്ജ്
(പ്രിൻസിപ്പൽ,
ജി.എച്ച്.എസ്. തുമ്പമൺ)

# സൺഡേസ്കൂൾ പഠനം ശാക്തീകരണം



മാരിവില്ലിനെ മനോഹരമാക്കുന്നത് ഏഴ് വർണ്ണങ്ങളാണ്.

ആഴ്ചയിൽ ഏഴ് ദിവസങ്ങളാണുള്ളത്.

സഭയ്ക്ക് ഏഴ് കൂദാശകളാണുള്ളത്

അങ്ങനെ 'ഏഴ്' എന്ന അക്കത്തിന് പല പ്രാധാന്യങ്ങളുമുണ്ട്.

***'അമ്മ അറിയാൻ' ഏഴ് കാര്യങ്ങൾ***

1. റെഗുലർ സ്കൂൾ പഠനംപോലെ തന്നെ സൺഡേസ്കൂൾ പഠനത്തിനും പ്രാധാന്യം കൊടുക്കുക.
2. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം നിശ്ചിത സമയം സൺഡേസ്കൂൾ പാഠങ്ങൾ പഠിക്കുന്നതിന് (വേദഭാഗം, മനഃപാഠം) കുട്ടിയെ പ്രോത്സാഹിപ്പിക്കുക. കൂടെയിരിക്കുക.
3. എല്ലാ ഞായറാഴ്ചയും കൃത്യസമയത്ത് കുട്ടിയെ സൺഡേസ്കൂളിൽ എത്തിക്കുക.
4. പാഠപുസ്തകം, വേദപുസ്തകം, ആരാധനാക്രമം, പേന ഇവ കൈയിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
5. മനഃപാഠവാക്യം നിർബന്ധമായും ക്ലാസ്സിൽ പറയുന്നു എന്ന് അമ്മയും ഉറപ്പാക്കണമേ.
6. സൺഡേസ്കൂൾ ക്ലാസ്ടീച്ചറുമായി നിരന്തരം ബന്ധം പുലർത്തണം (മൊബൈൽ നമ്പർ വാങ്ങുക).
7. സൺഡേസ്കൂൾ സമാജം പ്രവർത്തനങ്ങൾ, മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവയുടെ സമയം വിവരങ്ങൾ അദ്ധ്യാപകരിൽനിന്നും അറിയുകയും കുട്ടികളെ തയ്യാറാക്കുകയും ചെയ്യണമേ.

***"ഓരോ കുഞ്ഞും ദൈവരാജ്യത്തിന്റെ അവകാശികളാണ്"***



# വിദ്യാഭ്യാസം ജീവിതം തന്നെ

**ബിൻസി എ.**
**കലയപുരം ശാലേം**

''യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം.'' വിദ്യ അഭ്യസിച്ചാൽ മാത്രമേ ജീവിതം പ്രാവർത്തികമാകുകയുള്ളൂ. ഇന്ന് നമ്മുടെ സമൂഹത്തിൽ വിദ്യാഭ്യാസം ജീവിതത്തിന്റെ ഒരു ഭാഗമായിക്കൊണ്ടിരിക്കുന്നു. അറിവ് അനന്തവും ആഴമേറിയതുമാണ്. അറിവ് പ്രപഞ്ചത്തിലെ എല്ലാറ്റിനോടും ബന്ധപ്പെട്ടിരിക്കുന്നു.

എന്താണ് വിദ്യാഭ്യാസം? നമ്മുടെ ജീവിതം മെച്ചപ്പെടുത്താനും നിലനിർത്താനുമുള്ള ഉപാധിയാണ് വിദ്യാഭ്യാസം. എന്തിനാണ് വിദ്യാഭ്യാസം? വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം ഒരു തലമുറയെ ജീവനുതകുന്ന വിധത്തിൽ ആത്മധൈര്യത്തോടെ വാർത്തെടുത്ത് കഠിനാധ്വാനശീലരാക്കുക എന്നതാണ്. വിദ്യാഭ്യാസം മറ്റുള്ളവരോട് സ്നേഹം, സഹാനുഭൂതി, സഹകരണം, സേവനം എന്നിവ പുലർത്താൻ നമ്മെ സഹായിക്കുന്നു. വിദ്യാഭ്യാസം നമ്മുടെ ജീവിതത്തിൽ പുരോഗതി കൈവരിക്കാൻ സഹായിക്കുന്നു.

എന്നാൽ ഇന്നത്തെ ചില കുട്ടികൾ വിദ്യാഭ്യാസത്തെ ലക്ഷ്യബോധത്തോടെ കാണുവാനോ, മുതിർന്നവരെ ബഹുമാനിക്കുവാനോ അവർ തയ്യാറാകുന്നില്ല. പ്രായത്തിന്റെ പക്വതയില്ലായ്മയും എന്തും എളുപ്പം ശീലിക്കാനുള്ള മനസ്സും വിദ്യാർത്ഥികളെ ലക്ഷ്യത്തിൽ എത്തിക്കുന്നില്ല. നമ്മുടെ ജീവിതം മെച്ചപ്പെടുത്താൻ അനിവാര്യമായ ഘടകമാണ് വിദ്യാഭ്യാസം. വിദ്യ അഭ്യസിക്കുമ്പോൾ അനിവാര്യമായ മറ്റൊരു ഘടകമാണ് ദൈവഭക്തി. ദൈവഭക്തിയോടെ നാം വിദ്യാഭ്യാസത്തെ കാണണം. വിദ്യ അഭ്യസിച്ചാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസമുള്ള വ്യക്തിക്ക് സമൂഹത്തിലെ അധർമ്മങ്ങളോട് പ്രതികരിക്കാൻ സാധിക്കും. അപ്പോൾ നമ്മുടെ സമൂഹത്തിലെ അധർമ്മങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നു. നാം എല്ലാവരും ദൈവീകവിചാരത്തോടെ വിദ്യാഭ്യാസത്തെ കാണണം. വിദ്യാഭ്യാസം നമ്മുടെ ജീവിതത്തിലെ അനിവാര്യമായ ഘടകമാണ്.



# ...ഓർമ്മകൾ ഒളിവിതറുന്നു...



റവ. എബി റ്റി. മാമ്മൻ
(ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്, പത്തനാപുരം)

ഒരു പള്ളിയിലെ സെമിത്തേരിയിൽ ഇപ്രകാരം എഴുതിവെച്ചിരിക്കുന്നു: "Live your life well, so that we don't have to lie at your funeral". കബറടക്കസമയത്ത് ആർക്കും കള്ളം പറവാൻ ഇടവരുത്താതെ സത്യസന്ധനായ ഒരു നല്ല ഇടയൻ 19-04-18 ൽ നമ്മിൽനിന്ന് മാറ്റപ്പെട്ടു. അദ്ദേഹം കാലം ചെയ്തപ്പോൾ ആരും കള്ളം പറഞ്ഞില്ല എന്നതിനേക്കാൾ പ്രധാനം, അദ്ദേഹത്തിന്റെ കാലം കഴിഞ്ഞപ്പോൾ ആ ജീവിതവും, ഓർമ്മയും സത്യസന്ധമായി ജീവിപ്പൻ അനേകരെ വെല്ലുവിളിക്കുന്നു എന്നതാണ്. 1944-2018 ഇടയിലുള്ള 74 വർഷത്തെ ജീവിതത്തിന്റെ ചില കണക്കുകൾ നിരത്തി വിശദീകരിക്കുവാൻ പ്രയാസമാണ്. കാരണം ജീവിതത്തെ ഗുണപരമായി സ്വീധീനിച്ച ഒരു തിരുത്തൽ ശക്തി ആയിരുന്നു അത്തനേഷ്യസ് തിരുമേനി. എന്തെന്നാൽ തിരുമേനി വിശ്വസിച്ചു പ്രവർത്തിച്ചു; Life is more important than life style and quality is more important than quantity. ദൈവസ്നേഹവും, മനുഷ്യസ്നേഹവും, പ്രകൃതിസ്നേഹവും ഒരേ ചരടിൽ കോർത്തിണക്കിയ ഒരു നല്ല നെയ്ത്തുകാരനായിരുന്നു തിരുമേനി. ദൈവത്തെക്കുറിച്ച് പറയുമ്പോൾ വിശ്വാസ വീരനാവുകയും, മനുഷ്യനെക്കുറിച്ച് പാടുമ്പോൾ വികാരാധീനനാവുകയും, പ്രകൃതിയെക്കുറിച്ച് പാടുമ്പോൾ വാചാ

**ദൈവസ്നേഹവും മനുഷ്യസ്നേഹവും പ്രകൃതിസ്നേഹവും ഒരേ ചരടിൽ കോർത്തിണക്കിയ ഒരു നല്ല നെയ്ത്തുകാരനായിരുന്നു തിരുമേനി**

ലനാവുകയും ചെയ്യുന്നത് സാധാരണമായിരുന്നു.

ഹൃദയം നിറഞ്ഞ വശ്യമായ ചിരിക്കും, കലവറയില്ലാത്ത ഇടപെടലും, മധുരമാർന്ന സംഭാഷണവും, സ്നേഹത്തോടുള്ള തിരുത്തലും, ആത്മാർത്ഥതയുള്ള അഭിനന്ദനവും, അതിരാവിലെ വിളിച്ചുണർത്തുന്ന അലാറവുമൊക്കെ നിശ്ചലമായെങ്കിലും അതൊക്കെ പലരുടെയും ജീവിതത്തിൽ സജീവമായി നിലനിൽക്കും.

**ദൈവത്തെക്കുറിച്ച് പറയുമ്പോൾ വിശ്വാസ വീരനാവുകയും, മനുഷ്യനെക്കുറിച്ച് പാടുമ്പോൾ വികാരാധീനനാവുകയും, പ്രകൃതിയെക്കുറിച്ച് പാടുമ്പോൾ വാചാലനാവുകയും ചെയ്യുന്നത് സാധാരണമായിരുന്നു.**

പ്രസംഗവേദികളിലെ അതുല്യപ്രതിഭയായിരുന്നു തിരുമേനി. കടൽപോലെ പരന്ന വായനയും, അതിനോടു ചേർന്നുള്ള ധ്യാനവും, അഗാധമായ പാണ്ഡിത്യവും, ആഴമായ അറിവും, ചിന്തയിലെ വ്യക്തതയും, വാക്കുകളിലെ കൃത്യതയും, കാലീകമായ വ്യാഖ്യാനവും സംഗതമായ ഉദാഹരണവും, ഇഴചേരുന്ന ഉദ്ധരണികളും, അനർഗളമായ വാക്ധോരണികളും ഒക്കെയാണ് അതിന് കാരണമായത്. ഒരു “Athanasius touch” തിരുമേനിയുടെ ചിന്തയിലും, വാക്കിലും, പ്രവർത്തിയിലും, ശീലങ്ങളിലും, ശൈലിയിലും ഉണ്ടായിരുന്നു. അതൊന്നുംതന്നെ കാലത്തിനനുസരിച്ച് മാറുന്ന കോലങ്ങളായിരുന്നില്ല. വെടിപ്പും വൃത്തിയും ഭംഗിയും ഒക്കെ തിരുമേനിയുടെ കൂടെപ്പിറപ്പുകളായിരുന്നു. അപൂർണ്ണതയിൽ അസ്വസ്തനാവുകയും പൂർണ്ണതയ്ക്കായി അങ്ങേയറ്റം തിരുമേനി ശ്രമിച്ചിരുന്നു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങളും, ഏൽപ്പിക്കുന്ന ചുമതലകളും വ്യക്തമായ ദർശനത്തോടും, മതിയായ തയ്യാറെടുപ്പോടും, ആവശ്യമായ മുൻകരുതലോടും ചെയ്തുപൂർത്തീകരിക്കുമായിരുന്നു. തിരുമേനി നേതൃത്വം നൽകുന്ന കൂദാശകൾ ഇതനൊരു വ്യക്തമായ ഉദാഹരണമാണ്. സമയനിഷ്ഠ പാലിക്കുവാനും സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുവാനും തിരുമേനി അതീവശ്രദ്ധാലുവായിരുന്നു. ‘സമയത്തിന് എന്നെ കണ്ടില്ലെങ്കിൽ റീത്തുമായി അരമനയിൽ വന്നാൽ മതി’ എന്ന് തിരുമേനി ഒരിക്കൽ പറയുകയുണ്ടായി.

അപ്രിയസത്യങ്ങൾ മറ്റുള്ളവരുടെ മുഖം നോക്കാതെയും സ്വന്തം പ്രതിച്ഛായ നോക്കാതെയും തിരുമേനി ധൈര്യത്തോടെ പറഞ്ഞിരുന്നു. തിന്മയോടുള്ള പോരാട്ടത്തിൽ പരാജയപ്പെട്ടാലും, തിന്മയോട് പൊരുത്തപ്പെടുന്ന സ്വഭാവം തിരുമേനിക്കില്ലായിരുന്നു. പൊരുത്തപ്പെട്ടാൽ സാധിക്കാത്തതിനെതിരേ സമരവീര്യവുമായി പോരാടുന്നത് തിരുമേനിയുടെ പ്രത്യേകതയായിരുന്നു. ചില നിലപാടുകൾ സ്വീകരിക്കുമ്പോൾ ലാഭനഷ്ടചിന്തകൾ തിരുമേനിയെ അശേഷം ബാധിച്ചിരുന്നില്ല. തന്റെ നിലപാടുകൾ ദുരദ്ദേശപരമായി വിമർശിക്കപ്പെടുകയും, വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുമ്പോൾ ചഞ്ചലപ്പെടാതെ ഉറച്ചുനിന്ന തിരുമേനി, അടുത്ത തലമുറയ്ക്ക് കണ്ട് പഠിക്കുവാൻ നല്ല ചില മാതൃകകൾ നൽകിയിരിക്കുന്നു. തിരുമേനിയുടെ ലോകം മാർത്തോമ്മാ സഭയുടെ പരമ്പരാഗതമായ അതിരുകൾക്കപ്പുറം ചലിക്കുന്നതായിരുന്നു. കല, സാഹിത്യം, സ്പോർട്സ്, സംഗീതം എന്നിവയെ തിരുമേനി സ്നേഹിക്കയും, പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പാട്ടുകൾ തിരഞ്ഞെടുക്കുമ്പോൾ ഈണത്തേക്കാൾ കൂടുതൽ വരികൾക്ക് പ്രാധാന്യം നൽകിയിരുന്നു. ഫലിതങ്ങളെ സ്നേഹിച്ച തിരുമേനി അത് കേൾക്കുവാനും, പറയുവാനും ഇഷ്ടപ്പെട്ടിരുന്നു. ഇതൊക്കെ തിരുമേനിയുടെ ശുശ്രൂഷയെ കൂടുതൽ മനോഹരമാക്കി. തിരുമേനിയുടെ സൗഹൃദവലയത്തിന്റെ വലിപ്പം കുറവായിരുന്നു. എങ്കിലും, ഉള്ളത് ഹൃദ്യമാക്കുവാനും, ഉപരിപ്ലവമല്ലാതാകുവാനും, ആഴമുള്ളതാകുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. തിരുമേനി പാകിയ ആത്മാർത്ഥതയുടേയും, സുതാര്യതയുടേയും, ലാളിത്യത്തിന്റേയും, ശിക്ഷണത്തിന്റേയും, ജീവിതവിശുദ്ധിയുടെയുമൊക്കെ വിത്തുകൾ മുളച്ച് വളർന്ന് അത് എന്നും വാടാമലരുകൾ സമ്മാനിക്കും. തിരുമേനിയുടെ അസാന്നിദ്ധ്യം സാന്നിദ്ധ്യത്തേക്കാൾ കൂടുതൽ ശ്രദ്ധിക്കപ്പെടും.

അത്തനേഷ്യസ് എന്നാൽ മരണമില്ലാത്തവൻ. സഭ അദ്ദേഹത്തിന് ആ പേര് നൽകിയപ്പോൾ എന്ത് പ്രതീക്ഷിച്ചുവോ ആ പ്രതീക്ഷക്കൊത്ത് അദ്ദേഹം ഉയർന്നു.

ഒരു മനുഷ്യൻ മരണമില്ലാത്തവനാകുന്നത് അദ്ദേഹത്തിന്റെ ഓർമ്മകൾ ജീവിക്കുമ്പോഴാണ്. അങ്ങനെയെങ്കിൽ ഒളിമങ്ങാത്ത നല്ല ഓർമ്മകളിലൂടെ നമ്മുടെ അത്തനേഷ്യസ് തിരുമേനി നമ്മുടെ ഇടയിൽ സജീവമായിരിക്കും എന്നതോർത്ത് നമുക്ക് ആശ്വസിക്കാം, ദൈവത്തിന് നന്ദി കരേറ്റാം. ▯



റവ. സാം ലൂക്കോസ്
(ബഥേൽ എം.റ്റി.സി.
അയണിവേലിക്കര)

**മനസ്സിനെ ലഘുവായിക്കാണാനും മനസ്സിനെ ശരിയായ രീതിയിൽ രൂപപ്പെടുത്താനും ഇടയാകുന്നത് ആത്മവിശ്വാസത്തിനു വളരെ പ്രധാനപ്പെട്ടതാണ്**

# എങ്ങനെ ആത്മവിശ്വാസം വർദ്ധിപ്പിക്കാം


ചെറുപ്പകാലങ്ങളിൽ പ്രതിസന്ധികളിലൂടെ വളർന്നുവന്നവർക്ക് ഏത് പ്രതിസന്ധിയെയും അതിജീവിക്കാം. എന്നാൽ ഭവനത്തിൽ വളരെ കരുതലുകളുമായി വളർന്നുവന്ന കുഞ്ഞുങ്ങൾക്ക് പ്രതിസന്ധികളിൽ ആത്മവിശ്വാസം പെട്ടെന്ന് കുറയുന്നതായി കാണുന്നത് സ്വാഭാവികം മാത്രം. രണ്ട് തരത്തിലാണ് പുതിയ തലമുറ ഭവനങ്ങളിൽ വളർത്തപ്പെടുക. ഒന്നാമതായി ഒരു പ്രതിസന്ധിയും അറിയിക്കാതെ പണത്തിന്റെ ബുദ്ധിമുട്ടുകൾ ഒന്നും അറിയിക്കാതെ വളരെയേറെ കരുതൽ നൽകി വളർത്തുക. രണ്ടാമതായി ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ച് വളരെ ബോധ്യം നൽകി വളർത്തുക. ജീവിതത്തിൽ എല്ലാത്തരത്തിലും വിജയിച്ചവരുടെ ചരിത്രം പരിശോധിച്ചാൽ രണ്ടാമത് പ്രസ്താവിച്ച തരത്തിലുള്ള രക്ഷകർതൃത്വം വിജയത്തിനു കാരണമായി കാണാം.

ജീവിതത്തിൽ ഭാഗ്യത്തിനു വളരെ പ്രാധാന്യം നൽകുന്നവരാണ് പുതിയ തലമുറ. എന്നാൽ എല്ലാ ഭാഗ്യങ്ങൾക്കും അടിസ്ഥാനം കഠിനാധ്വാനമാണ്. മനസ്സിനെ ലഘുവായിക്കാണാനും മനസ്സിനെ ശരിയായ രീതിയിൽ രൂപപ്പെടുത്താനും ഇടയാകുന്നത് ആത്മവിശ്വാസത്തിനു വളരെ പ്രധാനപ്പെട്ടതാണ്. ശരീരത്തിനു വിശ്രമം ലഭിക്കുന്നതുപോലെ മനസ്സിനും വിശ്രമം വളരെ ആവശ്യമാണ്. ശരിയായ സമയത്ത് ഉറങ്ങുവാനും തിരക്കുകളിൽനിന്നൊഴിഞ്ഞ് ആവശ്യമായ സന്തോഷം ലഭ്യമാകുന്നതും മനസ്സിനു വളരെ പ്രധാനമാണ്. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടായിരിക്കുകയുള്ളൂ. ധ്യാനം, യോഗ, വ്യായാമം എന്നിവ വളരെ പ്രധാനമാണ്.

മനസ്സിനെ വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങൾ ഏതായാലും അതിനെ നേരിടുക. നാളെയാകട്ടെ, നാളെയാകട്ടെ എന്നു നീക്കിവയ്ക്കുംതോറും അത് അസാധ്യമായിത്തീരും. അത് നമ്മുടെ ആത്മവിശ്വാസത്തെ ബാധിക്കും. അന്നന്നു ചെയ്യേണ്ട കാര്യങ്ങൾ അന്നുതന്നെ ചെയ്യുക. അത് ആത്മവിശ്വാസം വർദ്ധിപ്പിക്കും.

**വിഷാദം എന്നതിൽനിന്നും എങ്ങനെ രക്ഷപ്പെടാം**

വിഷാദം കണ്ടെത്തുകയും തിരിച്ചറിയുകയും എന്നതാണ് പ്രധാനം. എങ്ങനെ വിഷാദം കണ്ടെത്താം. തിരിച്ചറിവ് വളരെ പ്രധാനമാണ്. ചില സമയങ്ങളിൽ വരുന്ന ശാരീരികപ്രശ്നങ്ങൾ ഉദാഹരണമായി അകാരണ തലവേദന അസ്വസ്ഥതകൾ ചിലപ്പോൾ വിഷാദലക്ഷണമാ



കാം. എല്ലാ സന്തോഷ അവസരങ്ങളിൽപോലും എപ്പോഴും ദുഃഖഭാവത്തിൽ മാത്രം ഇരിക്കുക മറ്റൊരു ലക്ഷണമാണ്. വിശപ്പ് കുറവ്, പെട്ടെന്ന് ശരീരഭാഗത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിൽ എന്നിവ ശ്രദ്ധിക്കേണ്ടതാണ്. ഒന്നുകിൽ ഭക്ഷണം കഴിക്കാതെയിരിക്കുക അല്ലെങ്കിൽ കൂടുതൽ നിയന്ത്രണമില്ലാതെ കഴിക്കുക. ഒന്നുകിൽ നിയന്ത്രണമില്ലാതെ ഉറങ്ങുക. അല്ലെങ്കിൽ തീരെ ഉറങ്ങാതെയിരിക്കുക. ശരിയായ ആരോഗ്യം, ശരീരഭാരം എന്നിവ ഇല്ലാതെയിരിക്കുക എന്നിവ മറ്റു ലക്ഷണങ്ങളാണ്. ചിലപ്പോൾ ചെവിയിൽ ചില ശബ്ദങ്ങൾ കേൾക്കുക, ഉദാഹരണമായി മണികിലുക്കം, അസ്വസ്ഥത ഉണ്ടാക്കുന്ന ശബ്ദങ്ങൾ ഇവ കേൾക്കുന്നത് ചിലപ്പോൾ വിഷാദത്തിന്റെ ലക്ഷണമാണ്.

ചെയ്യുന്ന കാര്യങ്ങളിൽ ശ്രദ്ധ ഇല്ലാതിരിക്കുക. കുട്ടികൾക്ക് പഠിക്കാൻ സാധിക്കാതെ ഒട്ടും ശ്രദ്ധ ഇല്ലാതെയാകുക. പഠിക്കുന്നതിലും ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളിലും വളരെ അസ്വസ്ഥത ഉണ്ടാകുക എന്നതും വിഷാദത്തിന്റെ ലക്ഷണമാണ്. ഏകാഗ്രത നഷ്ടപ്പെടുക എന്നതും പ്രധാന ലക്ഷണങ്ങളിലൊന്നാണ്.

ഒറ്റപ്പെടൽ കൂടുതൽ ഇഷ്ടപ്പെടുക, ഒറ്റയ്ക്ക് നടക്കുക, ഒറ്റയ്ക്കിരിക്കുക, ആൾക്കൂട്ടത്തിൽ പോകാൻ മടി കാണിക്കുക... കൂട്ടുകാരിൽനിന്നും അകലുക എന്നതും വിഷാദലക്ഷണങ്ങളിലൊന്നാണ്.

പെട്ടെന്നുണ്ടാകുന്ന അനിയന്ത്രിതമായ വികാരങ്ങൾ, ദേഷ്യം, സങ്കടം, സന്തോഷം എന്നിവ അകാരണമായി ദീർഘനാളായി നിലനിൽക്കുക എന്നതും വിഷാദലക്ഷണങ്ങളിൽ ഒന്നാണ്.

എപ്പോഴും എന്തെങ്കിലും അസുഖം ഉണ്ടോ എന്നു തോന്നുക. ശരീരവേദനകൾ, തലവേദന, മൈഗ്രേൻ, ഉദരസംബന്ധമായ രോഗങ്ങൾ, ... എന്നിവ സ്ഥിരമായി ആവർത്തിക്കുന്നതും വിഷാദലക്ഷണങ്ങളിൽ ഒന്നാണ്.

ആൺകുട്ടികളിലും പെൺകുട്ടികളിലും ഈ ലക്ഷണം കാണുന്നുണ്ടെങ്കിലും കൗമാരക്കാരികളിലാണ് കൂടുതലായി ഈ ലക്ഷണം കാണാറുള്ളത്. പല കാരണങ്ങൾകൊണ്ട് വിഷാദം ഉണ്ടാകുന്നു. ശരീരത്തിലെ ഹോർമോൺ മാറ്റം മുഖേനയോ, ശരീരത്തിലെ തന്നെ രാസപദാർത്ഥങ്ങളുടെ ഏറ്റക്കുറച്ചിലുകൾ കൊണ്ടോ വിഷാദം ഉണ്ടാകാം.

ശരീരത്തിനു രോഗം വരുന്നതുപോലെ തന്നെ മനസ്സിനും രോഗങ്ങൾ ഉണ്ടാകാം. ലക്ഷണങ്ങൾ തിരിച്ചറിഞ്ഞാൽ ശരിയായ സൈക്കോതെറാപ്പിസ്റ്റിനെയോ, ക്ലിനിക്കൽ കൗൺസിലറെയോ സമീപിച്ചാൽ മരുന്നുകൾ കൂടാതെ തന്നെ മിക്കതരത്തിലുമുള്ള വിഷാദങ്ങൾ മാറ്റിയെടുക്കാം. ▯

# നല്ല വിളി

ഷിൻസി തോമസ്
തേവലക്കര ഇമ്മാനുവേൽ

1970. മദർ തെരേസ ലണ്ടൻ എയർപോർട്ടിൽ വിമാനമിറങ്ങി നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു യാചകൻ മദറിന്റെ മുന്നിൽ കൈനീട്ടി എന്തെങ്കിലും തരണമെന്ന് യാചിച്ചത്. അമ്മ തന്റെ ഉടുപ്പിന്റെ പോക്കറ്റിൽ നോക്കി. പക്ഷേ, അതിൽ ഒന്നുംതന്നെ ഇല്ലായിരുന്നു.

"പ്രിയ സഹോദരാ, എന്റെ കൈവശം ഒന്നുമില്ലല്ലോ എന്ന് അമ്മ പറഞ്ഞു. യാചകന് കാര്യം മനസ്സിലായി. 'സഹോദരാ' എന്ന വിളി കേട്ട മാത്രയിൽ യാചകന് എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി. കാരണം അവിടെ യാചകനെ ആരും പരിഗണിക്കാറില്ലായിരുന്നു. തന്നെ സഹോദരൻ എന്ന് വിളിച്ചതിൽ നന്ദി പറഞ്ഞ്, ഭിക്ഷയ്ക്കു പകരം സഹോദരസ്നേഹം ലഭിച്ചതിനുള്ള സന്തോഷത്തോടെ അയാൾ നടന്നുനീങ്ങി.

നമ്മുടെ ചുറ്റുപാടുകളിൽ നല്ല വിളിക്കായി കാത്തിരിക്കുന്നവർ അനേകർ കാണും. എന്നാൽ പലപ്പോഴും നമ്മൾ ആരെയും കണ്ടിട്ടില്ല എന്ന രീതിയിൽ നടക്കും. എന്നാൽ അങ്ങനെയുള്ള ജീവിതത്തിൽ മദറിന്റെ മാർഗ്ഗങ്ങൾ നമുക്ക് പ്രചോദനമാക്കട്ടെ. നമ്മുടെ ജീവിതം മറ്റുള്ളവർക്ക് സാക്ഷ്യം ഉള്ളതായി തീരണം.





# ക്രിസ്തീയ വിദ്യാഭ്യാസവും വിദ്യാഭ്യാസത്തിന്റെ മൂല്യച്യുതിയും

**നിഷ സൂസൻ മാത്യു**
**(പള്ളിക്കൽ സെന്റ് തോമസ്)**

വിദ്യാഭ്യാസം എന്ന് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലേക്ക് ഒരു ചോദ്യം ഉയർന്നുവരുന്നു. നമ്മൾ ആരിൽനിന്നാണ് ആദ്യം വിദ്യ അഭ്യസിക്കേണ്ടത്.

'മാതാ പിതാ ഗുരു ദൈവം" എന്നാണല്ലോ. അപ്പോൾ ആദ്യം ആരിൽനിന്ന്? മാതാവിൽനിന്ന് അല്ലേ. ഇന്നത്തെ സമൂഹത്തിൽ അത് നടക്കുന്നുണ്ടോ. അവർക്ക് അതിന് സമയം കിട്ടാറില്ല. മക്കൾക്കുവേണ്ടി സമയം കണ്ടെത്താറില്ല. കുഞ്ഞുങ്ങൾക്ക് ജന്മം നൽകി ജോലിസ്ഥലത്തേക്ക് പോകുന്ന അമ്മമാർ വിരളമല്ല.

സങ്കീർത്തനം 22:10-ൽ ഇങ്ങനെ പറയുന്നു: "ഗർഭപാത്രത്തിൽനിന്ന് ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു; എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവം." ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കേണ്ടത് അവന്റെ ഭവനത്തിൽനിന്നാണ്. ആത്മീകമായ പരിപോഷണവും പരിശീലനവും നല്ല രീതിയിൽ ലഭ്യമായിത്തീരുമ്പോൾ മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കും.

**ആത്മീകമായ പരിപോഷണവും പരിശീലനവും നല്ല രീതിയിൽ ലഭ്യമായിത്തീരുമ്പോൾ മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കും**

**വിദ്യാഭ്യാസത്തിന്റെ മൂല്യച്യുതി**

"വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നാണല്ലോ. ഇന്ന് വിദ്യ ഒരു ധനമാണോ. വിദ്യാഭ്യാസം ഒരു കച്ചവടം ആയിരിക്കുന്നു. മാതാപിതാക്കന്മാർ മക്കളുടെ നല്ല ഭാവിക്കുവേണ്ടി ഒരു ട്യൂഷൻ സെന്ററിൽ ചെല്ലുമ്പോൾ ആദ്യം ചോദിക്കുന്നത് കുട്ടിക്ക് എത്ര ശതമാനം മാർക്ക് കിട്ടുമെന്നാണ്. ആവറേജിൽ താഴെ എന്നാണെങ്കിൽ തീർന്നു. അപ്പോൾ കിട്ടുന്ന മറുപടി സോറി. 50 ശതമാനത്തിനു മേൽ

ആണെങ്കിൽ ഇവിടെ അഡ്മിറ്റ് ചെയ്യാം എന്ന്. അവരുടെ റപ്പുട്ടേഷനെ ബാധിക്കും എന്ന്. ഇപ്പോൾ വന്നുവന്ന് വിദ്യാലയങ്ങളിലും അദ്ധ്യാപകർ മൂന്ന് തലങ്ങളിലാണ് കുട്ടികളെ കാണുന്നത്. വിദ്യാർത്ഥികളും ഒട്ടും മോശമല്ല. ഇവരുടെ മാതാപിതാക്കളും അതിനെക്കാൾ. “High Scrong, Middle Scoring, Average Scoring”. ഹൈസ്കോറിംഗുള്ള കുട്ടികളെ appreciate ചെയ്യും. വീണ്ടും വീണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കും. മറ്റുള്ളവരെ തഴയും. എന്താ ഇങ്ങനെ? ഓർക്കുക. ചിലപ്പോൾ അവർ പല സാഹചര്യങ്ങളിൽനിന്ന് വരുന്ന മക്കളായിരിക്കും. അദ്ധ്യാപകർ ഒന്ന് ശ്രദ്ധിച്ചാൽ ആ സാഹചര്യങ്ങളെ മറികടക്കാൻ അവർക്ക് സാധിച്ചേക്കും.




**വിദ്യാഭ്യാസം വാർത്താമാധ്യമങ്ങളിലൂടെ**

ഇന്ന് പത്രമാധ്യമങ്ങളിലും ചാനലുകളിലും എന്നും കാണുന്ന കാഴ്ച വെട്ടും കുത്തും കൊലയും. ഇത് വിദ്യാഭ്യാസം കൂടി പോയതിന്റെയാണോ. പുറമേനിന്ന് നോക്കിയാൽ നല്ല കുട്ടികൾ, മാന്യർ, പഠിക്കുന്നവർ. പുട്ടുകുറ്റിയിൽ പുട്ട് വാരിയിട്ട് ആവി കയറ്റുന്നതുപോലെ അല്ലെങ്കിൽ പ്രഷർകുക്കറിൽ ആവി കയറ്റുന്നതുപോലെ കുട്ടികളെ വീടാകുന്ന പ്രഷർകുക്കറിൽ ആവി കയറ്റുകയാണ്. എന്നാൽ കുട്ടികളുടെ മനസ്സ് എന്താണ്, അവരുടെ ആഗ്രഹങ്ങൾ എന്താണ്, അഭിരുചികൾ, താൽപര്യങ്ങൾ ഇതൊന്നും തിരിച്ചറിയാൻ മിനക്കെടുന്നില്ല.

വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. “നല്ല വൃക്ഷത്തിൽ നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു.”

നാം ഓരോരുത്തരും നല്ല വൃക്ഷമായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിയിൽ ഉത്തരങ്ങൾ അയച്ചുതന്ന് വിജയികളായവർക്കുള്ള സമ്മാനം 2018 ജൂലൈ 14-ാം തീയതി നടത്തപ്പെടുന്ന ഭദ്രാസന അസംബ്ലിയിൽ വെച്ച് നൽകുന്നതാണ്. താഴെ പേര് പറയുന്നവർ അത് ഏറ്റുവാങ്ങണമെന്ന് അറിയിക്കുന്നു.*

1. **ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം മാർത്തോമ്മാ ഇടവക – 2017 ജൂലൈ–സെപ്റ്റംബർ**
2. **ഡോ. ലയ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ് – 2017 ഒക്ടോബർ–ഡിസംബർ**
3. **സ്റ്റാൻസി ശാമുവേൽ, താമരക്കുളം സെന്റ് തോമസ് – 2018 ജനുവരി–മാർച്ച്**
4. **ജോസഫ് പി. ജോസി, പിറവന്തൂർ എം.റ്റി.സി. – 2018 ഏപ്രിൽ – ജൂൺ**

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**2018 ആഗസ്റ്റ് 20 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2018 ഒക്ടോബർ – ഡിസംബർ**

**വിഷയം : സഭയിലെ സ്ഥാപനകളുടെ പുനർജീവനം**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com



# അമ്മ എന്ന നന്മ

ജിഷ ജോൺ
(ഹെബ്രോൺ മാർത്തോമ്മാ
ചർച്ച്, തേവലക്കര)

അമ്മ ഒരു നീരുറവയാണ്. ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ നീരുറവ. ദൈവത്തിന്റെ ഏറ്റവും വലിയ ദാനം ആണ് ഓരോ അമ്മമാരും. അമ്മ എന്നത് നന്മയുടെ, കരുതലിന്റെ, സ്നേഹത്തിന്റെ, സംരക്ഷണത്തിന്റെ ഒരു പടുവൃക്ഷം ആണ്.


നമ്മുടെ രൂപം അറിയും മുമ്പേ, നമ്മിലെ നന്മ അറിയുംമുമ്പേ, നമ്മുടെ ശബ്ദം കേൾക്കും മുമ്പേ, നാം ആരാണെന്നും എന്താണന്നും അറിയും മുമ്പേ നമ്മെ സ്നേഹിച്ച് തുടങ്ങിയത് നമ്മുടെ അമ്മമാരാണ്. തന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ ആ അമ്മ തന്റെ കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ച് തുടങ്ങുന്നു. ആ അമ്മയുടെ അവസാന ശ്വാസം വരെയും ആ പ്രാർത്ഥനയ്ക്ക് ഒരു മുടക്കവും വരുത്തുന്നില്ല. ലോകത്തിൽ ഏറ്റവും സുരക്ഷിതമായ സ്ഥലം അത് ഓരോ അമ്മമാരുടേയും മടിത്തട്ടാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും, പ്രയാസത്തിലും, വേദനയിലും ആ അമ്മയുടെ ശബ്ദം കേൾക്കുമ്പോൾ കിട്ടുന്നത് ഒരാ ശ്വാസമാണ്.

**കുഞ്ഞുനാളുകളിൽ നാം ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് നമ്മുടെ അമ്മയുടെ സാമിപ്യവും ലാളനവും ആണ്. അതുപോലെ തന്നെ പ്രായം ആയി കഴിയുമ്പോൾ മാതാപിതാക്കൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് തന്റെ മക്കളുടെ സ്നേഹവും, സാമീപ്യവും, കരുതലും ആണ്**

ഓരോകുട്ടികളുടേയും ഏറ്റവും അടുത്ത സുഹൃത്തായിരിക്കണം അവരുടെ അമ്മ. അമ്മയോട് എന്തും തുറന്നു പറയാനുള്ള ഒരു മനസ്സ് ഉണ്ടാകണം. അതുപോലെ തന്നെ അത് ക്ഷമയോടെ കേൾക്കുവാൻ അമ്മയും തയ്യാറാകണം. അപ്പോൾ തനിക്ക് ഒരു പ്രശ്നം വരുമ്പോൾ കുട്ടികൾ ഒരി

ക്കലും പതറുകയില്ല. കാരണം എന്റെ വീട്ടിൽ എന്റെ അമ്മയുണ്ട്, എന്റെ പ്രശ്നത്തിനുള്ള പരിഹാരം അമ്മ കണ്ടെത്തും. അങ്ങനെയൊരു വിശ്വാസം കുട്ടികൾക്ക് ഉണ്ടെങ്കിൽ ഒരിക്കലും തന്റെ പ്രശ്നത്തിന് മറ്റൊരു വഴി, അല്ലെങ്കിൽ മറ്റൊരു ആശ്രയം തേടി അവർ പോകുകയില്ല. പ്രത്യേകിച്ച് പെൺകുട്ടികളുടെ ഏറ്റവും നല്ല സുഹൃത്ത് അവളുടെ അമ്മ തന്നെ ആയിരിക്കണം.

പ്രായമാകുമ്പോൾ തങ്ങളുടെ മാതാപിതാക്കളെ ഒരു വൃദ്ധസദനത്തിൽ കൊണ്ട് വിട്ട് ആവശ്യത്തിനുള്ള പണവും കൊടുത്താൽ ഒരു മകൻ/മകൾ എന്ന നിലയിൽ തന്റെ ഉത്തരവാദിത്വം പൂർണ്ണമായി എന്നു അവർ കരുതുന്നു. കുഞ്ഞുനാളുകളിൽ നാം ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് നമ്മുടെ അമ്മയുടെ സാമിപ്യവും ലാളനവും ആണ്. അതുപോലെ തന്നെ പ്രായം ആയി കഴിയുമ്പോൾ മാതാപിതാക്കൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് തന്റെ മക്കളുടെ സ്നേഹവും, സാമീപ്യവും, കരുതലും ആണ്. അവർ ആഗ്രഹിക്കുന്ന സമയത്ത് നാം അത് അവർക്കായി ചെയ്തില്ലായെങ്കിൽ, പിന്നീട് മരിച്ച് കഴിഞ്ഞ് അവർക്ക് വേണ്ടി എന്ത് ചെയ്താലും അതെല്ലാം നിഷ്ഫലമാണ്.







# കൊപ്രാ ഉണ്ട

സിസി ജോർജ്ജ്
പള്ളിക്കൽ സെന്റ് തോമസ്



***ആവശ്യമുള്ള സാധനങ്ങൾ***

| | | |
|---|---|---|
| കൊപ്രാ | - | 5 കപ്പ് 1 കപ്പ് പൊടിച്ചുമാറ്റി വെയ്ക്കുക |
| പഞ്ചസാര | - | രണ്ടര കപ്പ് |
| വെള്ളം | - | 1 കപ്പ് |
| കപ്പലണ്ടി | - | 250 ഗ്രാം |
| വാനില എസ്സൻസ് | - | 1 സ്പൂൺ |

**തയ്യാറാക്കുന്ന വിധം**

കൊപ്ര പൊടിച്ച് ചീനച്ചട്ടിയിൽ അനത്തി, 1 കപ്പ് മാറ്റിവെച്ചശേഷം, ബാക്കി കൊപ്രായിൽ പഞ്ചസാര ചേർത്ത് ചൂടാക്കുക. ചെറുതായി ഉരുകി ബ്രൗൺ നിറമാകുന്നതിന് മുൻപ് വെള്ളം 1 കപ്പ് ചേർത്ത് നല്ലതായിട്ട് ഇളക്കുക. വറുത്ത കപ്പലണ്ടി ചതച്ചും ചേർത്തു തീ കെടുത്തി, എസ്സൻസും ചേർത്ത് ഇളക്കി, കൊപ്രാ പൊടിച്ചതും ചേർത്ത് ചെറിയ ഉണ്ട പിടിക്കുക

## വാർത്തകൾ

### ഭദ്രാസന അസംബ്ലി

2018 ജൂലൈ 14 ശനിയാഴ്ച, അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

### ഭദ്രാസന ഇടവക ചുമതലക്കാരുടെ സംഗമം

2018 ആഗസ്റ്റ് 12 ഞായർ, ഉച്ചയ്ക്ക് 2.30 ന് അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

### കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### വിജയവഴി റെസിഡൻഷ്യൽ ക്യാമ്പ് – 2–ാം ഘട്ടം

ഓണം അവധി

### മുഴുരാത്രി പ്രാർത്ഥന

എല്ലാ മൂന്നാം വെള്ളിയാഴ്ചയും, അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

### പെയിൻ & പാലിയേറ്റീവ്

എല്ലാ 4–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

## ഭദ്രാസനദിനം

**2018 ആഗസ്റ്റ് 19 ഞായർ**

## ഭദ്രാസന വൈദികരുടെ വാർഷിക സമ്മേളനം

**2018 ഒക്ടോബർ 8 മുതൽ 11 വരെ പെരിങ്ങാലം ധ്യാനതീരം**

*When you can't put your prayer into words, God hears your heart.*

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി

**ജോസഫ് പി. ജോസി, പിറവന്തൂർ എം.റ്റി.സി.**

1. ജോജിൻ വിൽസൺ, സെന്റ് തോമസ് കുളക്കട
2. ജിൻസി ജോയി, സെന്റ് തോമസ് കുളക്കട
3. ഗീത പി. സൈമൺ, കോഴിക്കോട് സെന്റ് തോമസ്
4. ലില്ലി തോമസ്, ചാച്ചിപ്പുന്ന ശാലേം
5. സി.സി. ജോർജ്ജ്, പള്ളിക്കൽ സെന്റ് തോമസ്
6. ബീനാ ജേക്കബ്, ചുനക്കര സെന്റ് തോമസ്
7. ഡോ. ലേയ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്
8. കെ. ബോസ്, പതാരം എം.റ്റി.സി.
9. റോബിൻ ബാബു, തേവലക്കര ഹെബ്രോൻ
10. നിഷ സൂസൻ മാത്യു, പള്ളിക്കൽ സെന്റ് തോമസ്
11. ജൂലി മാത്യൂസ്, ഷാർജ എം.റ്റി.സി.
12. റീന റെജി, കണ്ണങ്കോട് എം.റ്റി.സി.
13. ഗ്രേസി തോമസ്, ചുനക്കര സെന്റ് തോമസ്
14. സാറാമ്മ ഏബ്രഹാം, തേവലക്കര വലിയപള്ളി
15. അന്നമ്മ ബെൻസി, കുന്നിട സെന്റ് തോമസ്
16. സാലി ഷാജി, കൊറ്റനല്ലൂർ ശാലേം
17. ജോസഫ് പി. ജോസി, പിറവന്തൂർ സെന്റ് തോമസ്
18. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
19. മറിയാമ്മ തോമസ്, പള്ളിക്കൽ സെന്റ് തോമസ്
20. പി.ജി. തോമസ് കോഴിക്കോട് സെന്റ് തോമസ്
21. ലിസി ജോൺ, കറ്റാനം സെന്റ് തോമസ്
22. പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
23. ലിനു കെ. യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ
24. ലാലി ജെയിംസ്, തേവലക്കര ഇമ്മാനുവേൽ
25. അഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട എം.റ്റി.സി.
26. ഏലിയാമ്മ ജേക്കബ്, വാത്തികുളം ബെഥേൽ
27. എലിസബേത്ത് ജോൺസൺ, കൊല്ലക സെന്റ് തോമസ്
28. ലീലാമ്മ ഫിലിപ്പ്, ചുനക്കര സെന്റ് തോമസ്
29. അനി മാത്യു, കുളക്കട സെന്റ് തോമസ്
30. അച്ചാമ്മാ ജോൺ, വെട്ടിയാർ സെന്റ് തോമസ്
31. ആനി ബെൻസി, കുന്നിട സെന്റ് തോമസ്
32. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബെഥേൽ
33. ശോഭാ റെജി, കൊറ്റനല്ലൂർ ശാലേം
34. അനു കുഞ്ഞുമോൻ, കറ്റാനം സെന്റ് തോമസ്
35. മറിയം നൈനാൻ, പള്ളിക്കൽ സെന്റ് തോമസ്
36. ഷേർളി സാം ജോർജ്ജ്, കൊടുമൺ സെഹിയോൻ
37. തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
38. അമ്മിണി ഡേവിഡ്, ചാച്ചിപ്പുന്ന ശാലേം
39. ഷേർളി ജെയിംസ്, കുറത്തിയാട് സെന്റ് തോമസ്

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. എല്ലാവരോടും സമഭാവേന പെരുമാറുവാൻ
2. യേശുക്രിസ്തുവിന്റെ ക്ഷതങ്ങളും മുറിവുകളും
3. ട്രാൻസ്ജെൻഡേഴ്സ്
4. മൗലീകമാണ്
5. വൈദീകൻ പാലം പണിയുവന്നവൻ ആയിരിക്കണം
6. സവിശേഷമായത്
7. സ്നേഹത്തിന്റെ കയ്യൊപ്പ്

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ക്രിസ്തുവിന്റെ വാക്കുകൾ എന്തിലേക്ക് വിരൽ ചൂണ്ടുന്നു?
2. ഒരു ദൗത്യവും അതിൽതന്നെ എന്തല്ല?
3. മഴവില്ലിനെ മനോഹരമാക്കുന്നത് എന്താണ്?
4. അത്തനേഷ്യസ് എന്ന വാക്കിന്റെ അർത്ഥം?
5. യേശു ശിഷ്യന്മാരെ നിയോഗിച്ചത് ഏത് ലോകത്തിലേക്കാണ്?
6. ഗുരു എന്തല്ല?
7. ഒരു മനുഷ്യൻ മരണമില്ലാത്തവാകുന്നത് എപ്പോഴാണ്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2018 ആഗസ്റ്റ് 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. **– എഡിറ്റർ**



കിഴക്കുപുറം മാർത്തോമ്മാ പാഴ്സനേജിന്റെ കൂദാശ



ബേദ്ലഹേം മാർത്തോമ്മാ ഇടവക മണ്ണാറോഡ് പണി കഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം



മാർത്തോമ്മാ റെസിഡൻഷ്യൽ സ്കൂൾ പ്രവേശനോത്സവം



കണ്ണങ്കോട് സെന്റർ സന്നദ്ധ സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആത്മായ പരിശീലന കളരി

# Mar Thoma Santhibhavan

*(An Old age Home, and a Pain & Palliative centre of Adoor Diocese of Mar Thoma Syrian Church of Malabar)*

Vavvakkavu, Karunagappally, Ph: 9447206830, mtsanthibhavan@gmail.com, www.marthomasanthibhavan.org

Recognized by Govt. of Kerala



**ആലംബഹീനർക്ക് അത്താണിയായി അടൂർ ഭദ്രാസനത്തിന്റെ കീഴിൽ വവ്വാക്കാവിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ ശാന്തിഭവനിൽ പുതുതായി പണിയാൻ ഉദ്ദേശിക്കുന്ന ബിൽഡിംഗ് പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളിയാകാം**



## നിങ്ങൾക്ക് എങ്ങനെ സഹായിക്കാം

- പുതിയ ബിൽഡിംഗിലേക്ക് ചാപ്പൽ, ഡോർമെട്രി, മുറികൾ, ലിഫ്റ്റ് എന്നിവയിൽ ഏതെങ്കിലും ഒന്ന് സ്പോൺസർ ചെയ്ത് സഹായിക്കുക.
- ഒരോ വർഷവും 25,000 രൂപ നൽകി ഒരു വ്യക്തിയെ സ്പോൺസർ ചെയ്യുക.
- 8000 രൂപ നൽകി ഒരു ദിവസത്തെ ഭക്ഷണം സ്പോൺസർ ചെയ്യുക.
- 3000 രൂപ നൽകി ഒരു നേരത്തെ ഭക്ഷണം സ്പോൺസർ ചെയ്യുക.
- സ്ഥാപനം സന്ദർശിക്കുകയും സ്ഥാപനത്തെയോർത്ത് പ്രാർത്ഥിക്കുകയും ചെയ്യുക.

**സ്ഥാപനത്തിൽ വോളന്റിയേഴ്സിനെ ആവശ്യമുണ്ട്**

സന്ദർശിക്കൂ... സഹകരിക്കൂ... സഹായിക്കൂ...

Page Sponsorship
Special Thanks to Mr. Philip Varghese

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas